# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2023 ഓഗസ്റ്റ് 31 | ദീപം 56 | നാളം 26 | Published from : PALA | പേജ് 20 | വില 8 രൂപ | www.deepanalam.org





മൂല്യാധിഷ്ഠിത പത്രപ്രവർത്തനത്തിന്റെ 56–ാം വർഷം



പാലായിൽ
ഓണം ആഘോഷമാക്കാൻ
Silk Loom ഒരുങ്ങിക്കഴിഞ്ഞു....

JMJ

Silk Loom
ഷോറൂം സന്ദർശിക്കൂ...
ആഘോഷിക്കൂ....

ഈ തിരുവോണം സിൽക്ക് ലൂമിനോടൊപ്പം...

NEAR MUNICIPAL STADIUM, PALA
KOTTAYAM, KERALA

## ലിത്തോസ് പാവിംഗ് ടൈൽസ് നിങ്ങളുടെ മുറ്റം
## കൂടുതൽ സുന്ദരമാക്കും..

വ്യത്യസ്തവും, മനോഹരവുമായ ഡിസൈനുകളുടെ വിപുല ശേഖരവുമായി ലിത്തോസ് പാവിംഗ് ടൈൽസ് വിപണിയിൽ. കുറഞ്ഞ വിലയിൽ ഏറ്റവും മികച്ചതും ദീർഘകാലം ഈട് നിൽക്കുന്നതുമായ പാവിംഗ് ടൈലുകളാണ് ലിത്തോസ് നൽകുന്നത്. ഏറ്റവും ആധുനിക മെഷിനറികളുടെ സഹായത്തോടെ സ്വന്തം ഫാക്ടറിയിൽ നിർമ്മിക്കുന്നതിനാൽ മാർക്കറ്റ് വിലയെക്കാൾ കുറഞ്ഞ നിരക്കിൽ ആവശ്യക്കാർക്ക് ടൈലുകൾ തിരഞ്ഞെടുക്കുവാൻ കഴിയുന്നു. നിർമ്മാണത്തിന്റെ ഓരോ ഘട്ടങ്ങളിലും ഗുണമേന്മ പരിശോധിച്ച് ഉറപ്പ് വരുത്തുന്നു എന്നതാണ് ലിത്തോസിന്റെ മറ്റൊരു പ്രത്യേകത. വിവിധ ഡിസൈനുകളിലുള്ള ടൈലുകൾ കേരളത്തിൽ എവിടെയും കുറഞ്ഞ നിരക്കിൽ വിരിച്ച് കൊടുക്കാനുള്ള സൗകര്യവും ഇവിടെ ഏർപ്പെടുത്തിയിട്ടുണ്ട്.

പൂർണ്ണമായും വൈറ്റ് സിമന്റിൽ നിർമ്മിക്കുന്നതിനാൽ പായൽ പിടിക്കാനുള്ള സാധ്യത തീർത്തും കുറവ്.

സാധാരണ ഇന്റർ ലോക്കുകളെ അപേക്ഷിച്ച് ഏറ്റവും മികച്ച കളർ ഓക്സൈഡ് ഉപയോഗിക്കുന്നു.

പരിചയ സമ്പന്നരായ തൊഴിലാളികളാൽ പൂർണ്ണ ഉത്തരവാദിത്വത്തോടെ സൈറ്റിൽ വിരിച്ചു കൊടുക്കപ്പെടും




Royal Industries
Near St Antony's Abbot Church,
Elamthottam, Pala, Pin 686651
907 264 7007
907 264 7008

# പ്രതീക്ഷകൾ പൊൻകതിർ ചൂടും ഓണക്കാലം

**മലയാളസാഹിത്യത്തിൽ തനതായ വ്യക്തിമുദ്ര പതിപ്പിച്ച ഡോ. ജോർജ് ഓണക്കൂറുമായി ദുർഗ മനോജ് നടത്തിയ അഭിമുഖം**



**? ഓണത്തെക്കുറിച്ചുള്ള താങ്കളുടെ കാഴ്ചപ്പാട് എന്താണ്?**

◈ കാർഷികസംസ്കാരത്തിന്റെ പ്രതിഫലനമാണ് ഓണം എന്ന ഉത്സവത്തിനു പിന്നിലുള്ളത്. കാലവും ദേശവും ജീവിതവുമായി ഓണത്തിന് അഭേദ്യമായ ബന്ധമുണ്ട്. ഇരുണ്ടു മൂടിക്കെട്ടി കാറും കോളും നിറഞ്ഞ പ്രകൃതി അപ്പാടെ വെളിച്ചത്തിനു വഴിമാറുകയാണു ചിങ്ങമാസത്തിൽ. കർക്കടകം അനാരോഗ്യത്തിന്റെയും ചികിത്സയുടെയും കാലമാണ്. വറുതിയും പുരയുടെ പുറത്തിറങ്ങാനാകാത്ത മഴയും തണുപ്പും ഒക്കെക്കൂടി പ്രകൃതി ക്ഷോഭിച്ചിരിക്കുന്ന കാലം. എന്നാൽ, ചിങ്ങമാസം പുന്നെല്ലു കൊയ്യുന്ന കാലമാണ്. ഐശ്വര്യവും സമൃദ്ധിയും നിറയുന്ന കാലം. വിളവു കൊയ്യുകയും വിള വിറക്കുകയും ചെയ്യുന്ന മാസം. മഴ കഴിഞ്ഞ്, വെയിലിൽ പൊൻകതിരുകൾ തിളങ്ങിനില്ക്കുന്ന ഓണക്കാലം, സ്വാഭാവികമായും മനുഷ്യമനസ്സിൽ ആനന്ദം സൃഷ്ടിക്കും. അവിടേക്ക് മഹാബലി എന്ന പ്രജാക്ഷേമതത്പരനായ ഒരു രാജാവിന്റെ കഥ എത്ര ഭംഗിയായി തുന്നിച്ചേർത്തിരിക്കുന്നു എന്നു നോക്കൂ. വറുതിയുടെയും രോഗത്തിന്റെയും നാളുകൾക്കുശേഷം മനുഷ്യരിൽ നിറയുന്നതു പ്രതീക്ഷയാണ്. ആ പ്രതീക്ഷയ്ക്കു കൂടുതൽ ഭംഗി നല്കുകയാണ് എല്ലാവരും സമന്മാരായ, കള്ളവും പൊളിവചനവുമില്ലാത്ത ഒരു ദേശം, അത്തരത്തിൽ പ്രജകളെ പരിപാലിക്കുന്ന രാജാവ് എന്ന ആശയം. ഏറ്റവും മനോഹരമാണ് ആ ചിന്ത. ഒപ്പം, മഹാബലിയെ ചവിട്ടിത്താഴ്ത്തുന്നു എന്ന സങ്കല്പത്തിൽ ഒരുപക്ഷേ, നന്മ ചെയ്യുന്നവർക്കെതിരേ ഒരു കാൽ ഉയരാം എന്ന ആശങ്കയും ഒളിഞ്ഞിരിപ്പുണ്ട്. എങ്കിലും കൂടുതൽ പ്രാധാന്യം പ്രജാക്ഷേമതത്പരനായ, സത്യത്തിൽനിന്നു വ്യതിചലിക്കാത്ത, വാക്കുപാലിക്കാൻ സദാ ബദ്ധനായ അതീവ നീതിമാനായ ഒരു ഭരണാധികാരിയെന്ന പ്രജകളുടെ എക്കാലത്തെയും സ്വപ്നതുല്യമായ ആഗ്രഹത്തിനുതന്നെയാണ്. അതുകൊണ്ടു നമ്മൾ ഇന്നും പാടുന്നു, മാവേലി നാടുവാണീടും കാലം മാനുഷരെല്ലാരുമൊന്നുപോലെയെന്ന്.

നാം എത്രമാത്രം പുരോഗമിച്ചിരിക്കുന്നു! എന്നിട്ടും മാവേലിനാട് എന്ന ആ മാതൃകാരാജ്യം നമുക്കു കൈയെത്തിപ്പിടിക്കാൻ സാധിച്ചിട്ടില്ല. അങ്ങനെ നോക്കുമ്പോൾ ചിങ്ങമാസത്തിലെ ഓണമെന്ന ആശയം, ഏറ്റവും മനോഹരവും കേരളത്തിൽ ജാതിമതദേശഭേദമെന്യേ പല രീതികളിലോ പല തട്ടുകളിലോ ആയാൽപ്പോലും ഏവരും ആഘോഷിക്കുന്ന ഒരു ഉത്സവവുമായി മാറുന്നു.

ലോകത്ത് ഏതാണ്ട് എല്ലായിടത്തും ഞാൻ സഞ്ചരിച്ചിട്ടുണ്ട്. എന്നാൽ, ഇത്രയും ചാരുതയാർന്ന, മഹനീയമായ ഒരു സങ്കല്പം മറ്റെങ്ങും കണ്ടെത്താനായിട്ടില്ല. നമ്മൾ ആഗ്രഹിച്ച സോഷ്യലിസം എന്ന ആശയം, ഓണാഘോഷം എന്ന ചിന്തയിൽ സന്നിവേശിച്ചിട്ടുണ്ട്. കാലാതിവർത്തിയായ ദേശീയോത്സവമാണ് ഓണം. കർഷകബിംബങ്ങളിൽനിന്ന് ആരംഭിച്ച് ദേശത്തെ ജനങ്ങളെ ആകെ സ്വാധീനിച്ചിരിക്കുന്ന ഒരു ആഘോഷവുമാണിത്. എന്നാൽ, ഈ ചിന്തകളെയൊക്കെ കമ്പോളവത്കരിക്കുന്നതു കഷ്ടമാണ്. ഏതു രംഗത്തുമെന്നപോലെ ഓണവും ഇന്നു വിപണികേന്ദ്രീകൃതമായിരിക്കുന്നു എന്ന സത്യം അംഗീകരിക്കാതിരിക്കാനും ഇനി കഴിയില്ല. അതനുസരിച്ചുള്ള മൂല്യച്യുതി ഓണസങ്കല്പത്തിലേക്കും കടന്നുവന്നിരിക്കുന്നു.

**? ഗ്രാമീണജീവിതത്തിന്റെ ഇല്ലായ്മകൾക്കും വല്ലായ്മകൾക്കുമിടയിൽ പുലർന്നിരുന്ന സ്നേഹത്തിന്റെയും കരുതലിന്റെയും ഒരുപാടനുഭവങ്ങൾ ആത്മകഥയിൽ എഴുതിയിട്ടുണ്ടല്ലോ. വർത്തമാനകാലജീവിതത്തെ മുൻനിറുത്തി സ്വന്തം ഗ്രാമവും മാറിയ ജീവിതവും താങ്കൾ എങ്ങനെ നോക്കിക്കാണുന്നു?**

◈ എന്റെ ഗ്രാമം എന്റെ ശക്തിയാണ്. എഴുത്തിന്റെ വഴിയിൽ എന്റെ പ്രിയപ്പെട്ട ഇടം ഞാൻ ജനിച്ച എന്റെ വേരുകൾ പടർന്ന ഇടമാണ്. നമുക്കു മുന്നേ കടന്നുപോയ എഴുത്തുകാരെ എടുത്തു നോക്കൂ. ഉദാഹരണത്തിന് സി.വി.രാമൻപിള്ള, തിരുവിതാംകൂറിന്റെ ചരിത്രവുമായി അഭേദ്യമായ ബന്ധമുണ്ട് സി.വി.യുടെ ജീവിതത്തിനും അദ്ദേഹത്തിന്റെ എഴുത്തിനും. അതുപോലെ ഒ. ചന്തുമേനോൻ. അദ്ദേഹം ഇടപഴകിയ വടക്കൻകേരളത്തിലെ ഭൂവുടമസമ്പ്രദായത്തിൽ നിലനിന്നിരുന്ന കോടതിവ്യവഹാരങ്ങളിൽനിന്നാണ് ശാരദ എന്ന നോവൽ പിറക്കുന്നത്. ഇന്ദുലേഖ ഉണ്ടാകുന്നത് ഇംഗ്ലീഷ് വിദ്യാഭ്യാസം നമ്മുടെ സ്ത്രീകൾക്കും ലഭിച്ചുതുടങ്ങിയ കാലഘട്ടത്തിൽനിന്നാണ്. അതുപോലെ, എന്റെ ആമുഖം എന്റെ ഗ്രാമമാണ്. പൊതുവേ പറഞ്ഞാൽ, എല്ലാ ഗ്രാമങ്ങളും അക്കാലത്ത് സ്വയംപര്യാപ്തങ്ങളായിരുന്നു. എറണാകുളം ജില്ലയുടെ കിഴക്ക്, ചോറ്റാനിക്കര, മുളന്തുരുത്തി, പിറവം കഴിഞ്ഞാണ് ഓണക്കൂർ എന്ന എന്റെ ഗ്രാമം സ്ഥിതിചെയ്യുന്നത്.

നാട്ടിൻപുറം നന്മകളാൽ സമൃദ്ധം എന്ന ചൊല്ല് അന്വർഥമാക്കുംവിധമൊരു ഗ്രാമത്തിൽ നെല്ല് അല്ലെങ്കിൽ കൃഷിയെ ഉപജീവിച്ചു സാധാരണമട്ടിൽ ജീവിക്കുന്ന മനുഷ്യർക്കിടയിലാണ് ഞാൻ ജനിച്ചു വളർന്നത്. നാട്ടിലെ ആദ്യ എം.എ.ക്കാരനാണു ഞാൻ. എം.റ്റി.എം. ഹൈസ്കൂൾ പാമ്പാക്കുടയിലായിരുന്നു ഹൈസ്കൂൾ വിദ്യാഭ്യാസം. മൂവാറ്റുപുഴ നിർമലാ കോളജിൽനിന്നു ബി.എ. ഇക്കണോമിക്സ് പാസായിക്കഴിഞ്ഞപ്പോൾ എന്റെ മുന്നിൽ ബി.എഡ് എടുത്ത് ഹൈസ്കൂൾ അധ്യാപകനാവാം എന്ന നിർദേശം വന്നു. എന്നാൽ, ബി.എയ്ക്കു റാങ്ക് വാങ്ങിയ എനിക്ക് കോളജ് അധ്യാപനത്തോടാണ് കൂടുതൽ താത്പര്യം തോന്നിയത്. അതിനൊരു കാരണമുണ്ട്. നല്ല വായനശീലം ഉണ്ടായിരുന്നു അക്കാലത്തുതന്നെ എനിക്ക്. അതിലേക്കു നയിച്ചതാകട്ടെ സാക്ഷാൽ പി.എൻ. പണിക്കർസാറിന്റെ ഉത്സാഹത്തിൽ ഞങ്ങളുടെ ഗ്രാമത്തിൽ രൂപംകൊണ്ട ഗ്രാമീണവായനശാലയും. രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനു മുന്നേ തന്നെ ഓണക്കൂർ ദേശീയ വായനശാല എന്ന് ആ വായനശാലയ്ക്കു പേരു നൽകിയ പി.എൻ. പണിക്കർസാറിന്റെ ദീർഘവീക്ഷണം എങ്ങനെ കാണാതെപോകും? എല്ലാ ദിനപത്രങ്ങളും, മാതൃഭൂമി ആഴ്ചപ്പതിപ്പ്, കെ. ബാലകൃഷ്ണൻ പത്രാധിപരായ കൗമുദി തുടങ്ങിയ വാരികകൾ അവിടെ വരുമായിരുന്നു. വായനശാലയിൽനിന്നു വായിക്കുന്നതൊക്കെ വീട്ടിൽ എന്റെ മുത്തശ്ശിക്കു ഞാൻ പറഞ്ഞുകൊടുക്കേണ്ടതുണ്ടായിരുന്നു. വായനയുടെ ആദ്യപ്രചോദനം യഥാർഥത്തിൽ മുത്തശ്ശി തന്നെയാണ്. അവർക്കു കഥ പറഞ്ഞുകൊടുക്കാനായി ഞാൻ വായിച്ചു. അവർക്ക് എഴുത്തും വായനയും അറിയില്ല. എന്നാൽ, ആഴത്തിലുള്ള വിജ്ഞാനവും അറിവും വിവേകവും ഉണ്ടായിരുന്നു. കഥ പറഞ്ഞുകൊടുക്കാൻ ആരംഭിച്ച വായന, മെല്ലെ ഗഹനമായി. അത്, സമൂഹത്തിൽ ഒരു എഴുത്തുകാരനുള്ള പ്രാധാന്യം സ്ഥാനവും എനിക്കു മനസ്സിലാക്കിത്തന്നു. അതിനാൽത്തന്നെ ഒരു ഹൈസ്കൂൾ അധ്യാപകനായി ഗ്രാമത്തിന്റെ നാലതിരുകൾക്കുള്ളിൽ നിലകൊള്ളുന്നതിനുമപ്പുറം വിശാലമായ ലോകത്തേക്കു ഞാൻ കണ്ണുനട്ടു. അതാണ് ബി എഡിനു പകരം എം.എ. പഠിക്കാൻ എന്നെ പ്രേരിപ്പിച്ചത്.

എം.എ.യ്ക്ക് ബിരുദത്തിനു പഠിച്ച വിഷയം മാറ്റി മലയാളമാണ് എടുത്തത്. നിർമല കോളജ് പ്രിൻസിപ്പാൾ ഫാദർ തോമസ് നെടുങ്കല്ലേൽ ആണതു നിർദേശിച്ചത്. അങ്ങനെ ചങ്ങനാശ്ശേരിയിൽ എം.എ. മലയാളത്തിനു ചേർന്നു. പിന്നെ കാലക്രമത്തിൽ എം.ഫിൽ, പി.എച്ച്.ഡി. എന്നിങ്ങനെ പഠനരംഗത്തു മുന്നേറാനുമായി.

സ്കൂളിൽ പഠിക്കുന്ന കാലംമുതൽ നാട്ടിലെ സാംസ്കാരികപ്രവർത്തനങ്ങളിൽ പങ്കാളിയായിട്ടുണ്ട്. ഹൈസ്കൂളിൽ പഠിക്കുമ്പോൾ സ്കൂൾ ആനിവേഴ്സറിക്ക് ഒ.എൻ.വിയെ ക്ഷണിച്ചുകൊണ്ടുവന്നു സംസാരിപ്പിച്ചിട്ടുണ്ട്. വായനശാലയുടെ വാർഷികത്തിന് വയലാർ, പൊൻകുന്നം വർക്കി, ജി. ശങ്കരക്കുറുപ്പ് തുടങ്ങിയവർ ഞങ്ങളുടെ നാട്ടിൽ വരികയും പ്രസംഗിക്കുകയും ചെയ്തിട്ടുണ്ട്. വയലാറും ഒ.എൻ.വിയും എന്റെ വീട്ടിൽ താമസിച്ചിട്ടുമുണ്ട്. എഴുത്തുകാരുമായുള്ള ഇടപെടലും എഴുത്തിനോടുള്ള ആരാധന വർധിപ്പിക്കാൻ കാരണമായിട്ടുണ്ടാകണം.

പഠനം കഴിയുമ്പോഴേക്കും മാർ ഇവാനിയോസ് കോളജിൽ വേക്കൻസി വന്നു. ഞാൻ അധ്യാപകനായി ജോലിയിൽ പ്രവേശിച്ചു. എനിക്ക് തിരുവനന്തപുരത്തോടു തോന്നിയ പ്രധാന ആകർഷണം കൗമുദി ആഴ്ചപ്പതിപ്പായിരുന്നു. അക്കാലത്താണ് എഴുത്തിനൊരു തെളിച്ചം വന്നത് എന്നാണു ഞാൻ വിശ്വസിക്കുന്നത്. റഷ്യൻസാഹിത്യവും ബംഗാളിസാഹിത്യവും ആയിരുന്നു എനിക്കേറെ പ്രിയം. റഷ്യൻകർഷകരായ കൊസാക്കുകളെക്കുറിച്ചുള്ള രചനകൾ, ബംഗാളിയിലെ ആരണ്യക് എന്ന കൃതിയിലൂടെ, വനജീവിതവും കാർഷികജീവിതവും എന്നെ ആകർഷിച്ചു. അങ്ങനെയാണ് ഒരു നോവൽ എന്ന ചിന്ത ഉരുത്തിരിയുന്നത്. എന്റെ ഗ്രാമത്തെക്കുറിച്ച് എഴുതുക എന്നു ചിന്തിച്ചുതുടങ്ങിയ കാലം.

അക്കാലത്ത്, നമ്മുടെ ഗ്രാമങ്ങളിലും അശാന്തിയുടെ കാറ്റ് വീശിത്തുടങ്ങിയിരുന്നു. നമ്മളു കൊയ്യും വയലെല്ലാം നമ്മുടേതാകും പൈങ്കിളിയേ എന്നു പാടിയപോലായിരുന്നില്ല കാര്യങ്ങൾ. എവിടെയൊക്കെയോ യുവത്വം, അവർ സ്വപ്നം കണ്ടതല്ല മുന്നിൽ സംഭവിക്കുന്നതെന്നു മനസ്സിലാക്കാൻ തുടങ്ങി.

ശേഷം 8-ാം പേജിൽ

PALA STEEL & CEMENTS
Market Road, Pala
Ph: 04822-212977, 211882, 9447114015, 977813773
Authorised Dealers in:
JSW NEOSTEEL PURE TMT BARS
RAMCO SUPER GRADE
durashine TATA BLUESCOPE STEEL
TATA TISCON JOY OF BUILDING
METCON TMT BARS
TATA STRUCTURA

# ചരിത്രം കുറിക്കാൻ ചന്ദ്രയാൻ 3



തോമസ് കുഴിഞ്ഞാലിൽ

ജൂലൈ മാസം 14-ാം തീയതി ശ്രീഹരിക്കോട്ടയിലെ വിക്ഷേപണകേന്ദ്രത്തിൽനിന്നു ചന്ദ്രനിലേക്കയച്ച ചന്ദ്രയാൻ-3 ലെ ലാൻഡറും റോവറും 23-ാം തീയതി വൈകുന്നേരം 6.04 ന് ചന്ദ്രന്റെ ദക്ഷിണധ്രുവത്തിൽ ഇറങ്ങുമെന്നു പ്രതീക്ഷിച്ച് ശാസ്ത്രലോകം.

ശ്രമകരമായ ഈ ദൗത്യം വിജയിപ്പിക്കാനായാൽ ഭാവിയിൽ മനുഷ്യനെയും ചന്ദ്രനിലെത്തിക്കാൻ ഉതകുമെന്നു കരുതപ്പെടുന്ന 'ഗഗൻയാൻ' അടക്കമുള്ള ബഹിരാകാശദൗത്യങ്ങൾ ഏറ്റെടുക്കാനാകുമെന്ന് ഐ എസ് ആർ ഒ മുൻ മേധാവി കെ. ശിവൻ ആത്മവിശ്വാസത്തോടെ മാധ്യമങ്ങളോടു പറഞ്ഞു. ചന്ദ്രയാൻ 2 ദൗത്യവും അവസാന ഘട്ടംവരെ എത്തിയിരുന്നെങ്കിലും ലാൻഡിങ്ങിലെ പിഴവുമൂലം പരാജയപ്പെടുകയായിരുന്നു. അന്നത്തെ ദൗത്യത്തിൽ ഇല്ലാതിരുന്ന ലേസർ ഡ്രോപ്പർ, വെലോസിറ്റി മീറ്റർ തുടങ്ങിയവ ഉപയോഗിച്ച് പേടകത്തിന്റെ വേഗം കൃത്യമായി നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും അദ്ദേഹം സൂചിപ്പിച്ചു. ലാൻഡറും റോവറും രൂപകല്പന ചെയ്തത് മൃദുവും സുരക്ഷിതവുമായ ലാൻഡിങ് ഉറപ്പാക്കുന്ന രീതിയിലാണെന്നും ചന്ദ്രോപരിതലത്തിൽനിന്ന് 100 മീറ്റർ ഉയരത്തിലെത്തുമ്പോൾ ഉപരിതലം സ്കാൻ ചെയ്ത് തടസ്സങ്ങൾ വിലയിരുത്തിയശേഷമായിരിക്കും ലാൻഡിങ് എന്നും കെ. ശിവൻ വ്യക്തമാക്കി. ലാൻഡറിന്റെ വാതിൽ തുറന്ന് റാംപിലൂടെ പുറത്തിറങ്ങുന്ന റോവർ ഒരു കിലോമീറ്റർ ചുറ്റളവിൽ സഞ്ചരിച്ച് ചാന്ദ്രപര്യവേക്ഷണത്തിനു തുടക്കമിടുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

**ലാൻഡിങ്ങിലെ വിവിധ ഘട്ടങ്ങൾ**

ചന്ദ്രയാൻ 3 പേടകത്തിന്റെ ചന്ദ്രനെ ലക്ഷ്യമാക്കിയുള്ള യാത്രയിലെ നിർണായകഘട്ടമായ ട്രാൻസ് ലൂണാർ ഇജക്ഷൻ (ടി എൽ ഇ) നടത്തിയത് ഓഗസ്റ്റ് ഒന്നിനായിരുന്നു. പേടകം ചന്ദ്രന്റെ ഭ്രമണപഥത്തിൽ പ്രവേശിച്ചതുമുതൽ 5 ഘട്ടങ്ങളിലായി ഭ്രമണപഥങ്ങൾ ക്രമീകരിച്ചു. തുടർന്ന്, ചന്ദ്രോപരിതലത്തിൽനിന്ന് 100 കിലോമീറ്റർ അകലെയുള്ള ഭ്രമണപഥത്തിലെത്തിച്ച പ്രൊപ്പൽഷൻ മൊഡ്യൂളിൽനിന്നു ലാൻഡറിനെ വേർപെടുത്തി. അഞ്ചാമത്തെയും അവസാനത്തെയും നീക്കം ഈ മാസം 16 നായിരുന്നു.

ആന്ധ്രയിലെ ശ്രീഹരിക്കോട്ടയിലുള്ള സതീഷ് ധവാൻ ബഹിരാകാശനിലയത്തിൽനിന്ന് ജി എസ് എൽ വി മാർക്ക് 3 എന്ന വിക്ഷേപണവാഹനം 3,900 കിലോഗ്രാം ഭാരമുള്ള ചന്ദ്രയാൻ 3 നെ വിജയകരമായി ഉയർത്തി ഭൂമിയുടെ ഭ്രമണപഥത്തിലെത്തിച്ചതുതന്നെ ചരിത്രനേട്ടമാണ്. ഇന്ധനടാങ്കുകൾ, പ്രൊപ്പൽഷൻ മൊഡ്യൂൾ, കമ്യൂണിക്കേഷൻ ഗിയർ, ശാസ്ത്രോപകരണങ്ങൾ, ക്യാമറകൾ, കംപ്യൂട്ടറുകൾ, സോളാർ പാനലുകൾ, ലാൻഡർ, റോവർ തുടങ്ങിയവയാണ് ചന്ദ്രയാൻ 3-ന്റെ പ്രധാന ഘടകങ്ങൾ.

**ലൂണയുടെ പതനം കനത്ത ആഘാതം**

ഓഗസ്റ്റ് 11 ന് ചന്ദ്രനിലേക്കയച്ച റഷ്യയുടെ ലൂണ 25 എന്ന ബഹിരാകാശപേടകം ഇക്കഴിഞ്ഞ 19 ന് ഇന്ത്യൻസമയം ഉച്ചയ്ക്കുശേഷം 2.57 ന് നിയന്ത്രണമറ്റ് ചന്ദ്രോപരിതലത്തിൽ തകർന്നുവീണതായി റഷ്യൻ ബഹിരാകാശ ഏജൻസിയായ 'റോസ് കോസ്മോസ്' അറിയിച്ചു. ലൂണ 25 ന്റെ പരാജയപ്പെട്ട ചാന്ദ്രദൗത്യം ഒരുകാലത്ത് ബഹിരാകാശലോകത്തെ പ്രാമാണികരെന്ന് അഹങ്കരിച്ചിരുന്ന റഷ്യയുടെ ശക്തിക്ഷയം കൂടിയാണു വെളിവാക്കുന്നത്. ഒന്നര വർഷമായി യുക്രെയ്നോടു യുദ്ധം ചെയ്തു വിജയിക്കാനാവാത്ത സന്ദിഗ്ധാവസ്ഥയിൽ നില്ക്കുമ്പോഴുള്ള ഈ തിരിച്ചടി റഷ്യയുടെ ഭരണനേതൃത്വത്തെ കുറച്ചൊന്നുമല്ല വിഷമിപ്പിക്കുന്നത്. ഭൂമിയെ ആദ്യമായി വലംവച്ച ഒരു ഉപഗ്രഹം 1957 ൽ വിക്ഷേപണം ചെയ്തതു റഷ്യയാണ്. 1959 ൽ വിക്ഷേപിച്ച ലൂണ 2 ചന്ദ്രനിൽ സോഫ്റ്റ് ലാൻഡിങ് നടത്തിയ ആദ്യമനുഷ്യനിർമിതവസ്തുവാണ്. 1961 ൽ യൂറി ഗഗാറിൻ എന്ന ഗഗനചാരിയെയും 1963 ൽ വലന്റീന തെരസ്കോവയിലൂടെ ആദ്യ വനിതാ സഞ്ചാരിയെയും ബഹിരാകാശത്തേക്ക് അയച്ചതും റഷ്യയാണ്. ആദ്യബഹിരാകാശനടത്തവും സ്പെയ്സ് സ്റ്റേഷൻ സ്ഥാപനവുമെല്ലാം 1972 ലെ ചരിത്രസംഭവങ്ങളാണ്. ലിയോണിഡ് ബ്രഷ്നേവ് പ്രസിഡന്റായിരുന്ന സോവിയറ്റ് യൂണിയന്റെ പ്രതാപകാലത്ത് 1976 ൽ ലൂണ 24 ചന്ദ്രനിലേക്കയച്ചതാണ് റഷ്യയുടെ ഒടുവിലത്തെ ചാന്ദ്രദൗത്യം. 47 വർഷങ്ങൾക്കുശേഷമുള്ള ആദ്യത്തെ ബഹിരാകാശദൗത്യം പരാജയമടഞ്ഞത് വലിയ ആഘാതമാണ് റഷ്യയ്ക്കു സമ്മാനിച്ചിരിക്കുന്നത്.

ചന്ദ്രയാൻ 3 ചന്ദ്രന്റെ ഗുരുത്വാകർഷണവലയത്തിൽ പ്രവേശിച്ച ദിവസംതന്നെയുള്ള ലൂണ 25 ന്റെ വിക്ഷേപണം ഇന്ത്യൻ ശാസ്ത്രജ്ഞർക്ക് വലിയ ആശങ്കയുളവാക്കിയ സംഭവമായിരുന്നെങ്കിലും ഇതൊരു മത്സരമായി കാണേണ്ടതില്ലെന്ന് റോസ് കോസ്മോസിന്റെ ഔദ്യോഗിക വിശദീകരണവുമുണ്ടായി. ലൂണ 25 ന് ചന്ദ്രനിലെത്താൻ 5 മുതൽ 7 വരെ ദിവസംമാത്രമേ വേണ്ടൂ എന്നും, രണ്ടു പേടകങ്ങൾ തമ്മിൽ കൂട്ടിയിടിക്കുകയോ ഒന്നു മറ്റൊന്നിനു തടസ്സമാവുകയോ ഇല്ലെന്നും ഔദ്യോഗികവക്താവ് ഇല്യ മൊറോസോവ് വ്യക്തമാക്കിയിരുന്നു. രണ്ടു പേടകങ്ങളും ലക്ഷ്യമിടുന്നതു ചന്ദ്രന്റെ ദക്ഷിണധ്രുവത്തിലാണെങ്കിലും ഇറങ്ങുന്നിടത്തുതന്നെ സ്ഥിരമായി നിന്നുകൊണ്ടുള്ള പര്യവേക്ഷണമാണ് ലൂണ 25 ന്റെ റോവർ ചെയ്യുകയെന്നും അദ്ദേഹം വെളിപ്പെടുത്തിയിരുന്നതാണ്. 800 കിലോഗ്രാം ഭാരമുള്ള ലൂണ 25 നെ അതിശക്തമായ സോയൂസ് 2 ബി റോക്കറ്റുകൾവഴിയാണ് ശരവേഗത്തിൽ ചന്ദ്രന്റെ ഭ്രമണപഥത്തിലെത്തിച്ചത്. ചന്ദ്രോപരിതലത്തെക്കുറിച്ചു കൂടുതൽ പഠിക്കുകയും ജലലഭ്യതയെക്കുറിച്ചറിയുകയുമായിരുന്നു ലൂണ 25 ന്റെ വിക്ഷേപണോദ്ദേശ്യം. ഇന്ത്യയെ പിന്തള്ളി ചന്ദ്രന്റെ ദക്ഷിണധ്രുവത്തിലിറങ്ങുന്ന ആദ്യരാജ്യമാകുമോ റഷ്യ എന്നതായിരുന്നു ഇന്ത്യൻ ശാസ്ത്രജ്ഞരുടെ വേവലാതി. യു എസ്, ചൈന, ഇന്ത്യ തുടങ്ങിയ രാജ്യങ്ങൾക്കെതിരേ തങ്ങളുടെ നഷ്ടപ്രതാപം വീണ്ടെടുക്കാനുള്ള ദൃഢനിശ്ചയം റഷ്യൻ ഭരണാധികാരികൾക്കുണ്ടായിരുന്നെന്നു വ്യക്തം. 1976 നു ശേഷം ചന്ദ്രനിൽ ബഹിരാകാശപേടകങ്ങളിറക്കാൻ ചൈനയ്ക്കുമാത്രമേ കഴിഞ്ഞിരുന്നുള്ളൂ. 2013 ൽ ചാങ് ഇ 3-ഉം, 2019 ൽ ചാങ് ഇ 4-ഉം, 2020 ൽ ചാങ് ഇ 5-ഉം ചന്ദ്രനിലിറങ്ങി പര്യവേക്ഷണം നടത്തിയ ചൈനീസ് ഉപഗ്രഹങ്ങളാണ്. ഇതുവരെ ചന്ദ്രനിൽ ഉപഗ്രഹം ഇറക്കാൻ കഴിയാതിരുന്ന നമ്മുടെ രാജ്യം, ചന്ദ്രയാൻ 3 ന്റെ ദൗത്യം വിജയിക്കുന്നതോടെ ബഹിരാകാശ ചരിത്രത്തിൽ ഇടം നേടും. 2019 ൽ ഇസ്രായേലിന്റെ ബെറുഷ് പേടകവും, 2022 ലെ യു എ ഇയുടെ റഷിദ് റോവർ ഉപഗ്രഹവും പരാജയമടഞ്ഞിരുന്നു.

ചന്ദ്രോപരിതലത്തിനോടടുത്തപ്പോൾ ലാൻഡറിലെ ക്യാമറകൾ പകർത്തിയ ഏതാനും ചിത്രങ്ങൾ ഐ എസ് ആർ ഒയിലെ സാങ്കേതികവിദഗ്ധർ പുറത്തുവിട്ടു. ഹർകെബി ജെ, ബ്രൂണോ, ജീയോർഡാനോ തുടങ്ങിയ ഗർത്തങ്ങൾ ചിത്രങ്ങളിലുണ്ട്. ഇവയിൽ ഹർകെബി ജെ ഗർത്തത്തിന്റെ വ്യാസം 43 കിലോമീറ്ററാണെന്നും തിട്ടപ്പെടുത്തി. നമ്മുടെ രാജ്യത്തിന്റെ അഭിമാനപദ്ധതിയായ ചന്ദ്രയാൻ 3 ദൗത്യത്തിന് എല്ലാ ഭാവുകങ്ങളും നേർന്ന പ്രധാനമന്ത്രി നരേന്ദ്രമോദി, മലയാളിയും ഐ എസ് ആർ ഒ യുടെ പുതിയ മേധാവിയുമായ എസ് സോമനാഥിനെ നേരിട്ടുവിളിച്ച് ശുഭാശംസകൾ നേരുകയുണ്ടായി.

■



ചന്ദ്രയാൻ 3 ചന്ദ്രനിലിറങ്ങുന്നതിന്റെ ദൃശ്യം ചിത്രകാരന്റെ ഭാവനയിൽ




ഓണാശംസകൾ

ജോൺസൺ ഡ്രൈക്ലീനേഴ്സ്

SINCE 1954

വിശ്വാസ്യതയുടെ 69 വർഷങ്ങൾ

ഡ്രൈക്ലീനിംഗ് & സാരി പോളീഷിംഗ്

മെയിൻ റോഡ്, പാലാ PH: 04822 - 212353

പഞ്ചായത്ത് ബിൽഡിംഗ്, കൊഴുവനാൽ PH: 9446412753

മാന്താടി ഓപ്പൺ മാർക്കറ്റ്, കിടങ്ങൂർ PH: 9495992753

നിങ്ങളുടെ വസ്ത്രങ്ങൾ ഉത്തരവാദിത്വത്തോടുകൂടി വൃത്തിയായി ഡ്രൈക്ലീൻചെയ്യാൻ സമീപിക്കുക

# ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ


ദൈവമേ, അവിടുന്നാണ് എന്റെ ദൈവം; ഞാനങ്ങയെ തേടുന്നു. എന്റെ ആത്മാവ് അങ്ങേക്കായി ദാഹിക്കുന്നു.

സങ്കീർത്തനങ്ങൾ 63:1

**എഡിറ്റോറിയൽ**

## ലിംഗസമത്വത്തിന് ഉന്നതമായ നീതിഭാഷ്യം

**കോ**ടതിഭാഷകളിലും വ്യവഹാരങ്ങളിലും നിലനിന്നിരുന്ന ലിംഗവിവേചനത്തിന്റെ പരികല്പനകളെ പൊളിച്ചെഴുതുന്ന സുപ്രീംകോടതിയുടെ ഭേദഗതിനയം ചരിത്രമുദ്രയാകുന്നു. നാളിതുവരെ ശീലിച്ചുപോന്നതും ശൈലികളിലും ഭാഷാപ്രയോഗങ്ങളിലും ഒളിച്ചിരുന്നതുമായ ജെൻഡർവിവേചനത്തിന്റെ മിഥ്യാസങ്കല്പങ്ങളെയാണ് കോടതി തിരുത്തിയെടുത്തത്. കൽക്കട്ട ഹൈക്കോടതി ജഡ്ജി മൗഷുമി ഭട്ടാചാര്യ അധ്യക്ഷയായ സമിതി, പുതിയ നിയമപദാവലികൾ കോർത്തിണക്കി തയ്യാറാക്കിയ ശൈലീപുസ്തകം സുപ്രീംകോടതി വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുമുണ്ട്.

ലിംഗസമത്വത്തിനു വിരുദ്ധമായി നാളിതുവരെ ഉപയോഗിച്ചുപോന്ന പഴഞ്ചൻ ശേഷിപ്പുകളെയും മിഥ്യാധാരണകളെയും പൊളിച്ചെഴുതി നീതിയെഴുത്തിനു നേർഭാഷയുടെ മുഖം സമ്മാനിക്കാൻ പരമോന്നതകോടതിക്കു കഴിഞ്ഞത് സാംസ്കാരികഔന്നത്യമായി കാണേണ്ടിയിരിക്കുന്നു. ഹാനികരമായ സ്റ്റീരിയോടൈപ്പ് പ്രയോഗത്തിനെതിരേ അവബോധം സൃഷ്ടിക്കുകയെന്നതാണ് പുതിയ കൈപ്പുസ്തകത്തിന്റ ലക്ഷ്യമെന്ന് ചീഫ് ജസ്റ്റീസ് ഡി.വൈ. ചന്ദ്രചൂഡ് വ്യക്തമാക്കി. പരിഷ്കൃതസമൂഹമെന്നു മേനി നടിക്കുമ്പോഴും നമ്മുടെ കോടതിവിധികളിൽപ്പോലും എത്രയോ സ്ത്രീവിരുദ്ധപരാമർശങ്ങൾ കടന്നുകൂടിയിരിക്കുന്നുവെന്ന തിരിച്ചറിവും ഓർമപ്പെടുത്തലുമാണ് ശ്രേഷ്ഠപദാവലികൊണ്ടു സമ്പന്നമായ ശൈലീഗ്രന്ഥം. കേസിന്റെ ഫലത്തെ ബാധിച്ചാലും ഇല്ലെങ്കിലും ഭരണഘടന ഉയർത്തിപ്പിടിക്കുന്ന ധാർമികതയ്ക്ക് എതിരായിരുന്നു സ്ത്രീവിരുദ്ധപരാമർശങ്ങളെന്ന് ചന്ദ്രചൂഡ് സ്പഷ്ടമായി പറയുന്നു.

ഭിന്നലൈംഗികതയെ അപകീർത്തിപ്പെടുത്തുന്ന സ്ഥിരം പദപ്രയോഗങ്ങളും സങ്കല്പങ്ങളും ആൺകോയ്മയുടെ അധികാരത്തള്ളലിന്റെ ലക്ഷണമായിരിക്കാം. സ്ത്രീകളുടെ ശ്രീത്വത്തെ അടയാളപ്പെടുത്താനാവാതെ പുരുഷമനസ്സുകളിൽ അടിഞ്ഞുകൂടിയിരിക്കുന്ന വാർപ്പുമാതൃകകളാകാമിത്. ഏതായാലും, അതു സാധാരണക്കാരിലെന്നല്ല, ന്യായാധിപരിലും അഭിഭാഷകരിലും കടന്നുകൂടുന്നത് ആശങ്കയോടെയേ കാണാനാവൂ. ഭീതിയോ പ്രീതിയോ പക്ഷപാതമോ കൂടാതുള്ള നീതിയെഴുത്തിന്റെ നേർവിചാരങ്ങളിലും കോടതിമുറികളിലെ അഭിഭാഷകസ്വരങ്ങളിലും നിർണായകമായ ഒരടയാളപ്പെടുത്തലായിരിക്കും പുതിയ നിയമഭേദഗതി.

കാലത്തിനു പുറംതിരിഞ്ഞു നില്ക്കുന്ന സ്ത്രീവിരുദ്ധനിലപാടുകളും പ്രയോഗങ്ങളും തിരുത്തിക്കുറിക്കുന്ന പുതിയ ഹാൻഡ്ബുക്ക്, കോടതികൾ ഉപയോഗിക്കേണ്ട ബദൽവാക്കുകളും നിർദേശിക്കുന്നുണ്ട്. അവിവാഹിതരായ അമ്മമാർ എന്നതിനുപകരം അമ്മ എന്നു മാത്രം മതിയെന്നാണ് നിർദേശം. കുടുംബത്തെ പോറ്റുന്നയാൾ എന്നതിനുപകരം തൊഴിലുള്ളയാൾ മതിയാകും. വേശ്യ, വ്യഭിചാരിണി തുടങ്ങിയ പദങ്ങൾ ഒഴിവാക്കി സ്ത്രീ എന്നു മാത്രമേ ഉപയോഗിക്കാവൂ. ഹൗസ്‌വൈഫ് എന്ന പ്രയോഗം വേണ്ടെന്നും, ഹോം മേക്കർ മതിയെന്നും സുപ്രീംകോടതി പറഞ്ഞിരിക്കുന്നു. സ്ത്രീകൾ ബലഹീനരാണെന്നു സാമാന്യവത്കരിക്കുന്ന ഒട്ടേറെ പ്രയോഗങ്ങൾ പ്രചാരത്തിലുണ്ട്.

സ്ത്രീകളെ അമിതവികാരജീവികളും യുക്തിരഹിതചിന്താഗതിക്കാരും ഉചിതമായ തീരുമാനമെടുക്കാൻ കഴിയാത്തവരും പുരുഷന്മാരെക്കാൾ ശാരീരികമായി ദുർബലരുമായി ചിത്രീകരിക്കുന്ന സാമ്പ്രദായികപ്രവണതകളെ സുപ്രീംകോടതി നഖശിഖാന്തം എതിർക്കുന്നു. ഒപ്പം, സ്ത്രീകൾ പ്രകൃത്യാ ദയാലുക്കളും സഹനശീലരും കരുതലുള്ളവരുമാണെന്നുള്ള പ്രയോഗങ്ങളും കുറവല്ല. കൂടാതെ, പരമ്പരാഗതമല്ലാത്ത വസ്ത്രം ധരിക്കുന്ന സ്ത്രീകൾ ലൈംഗികാഭിമുഖ്യം കൂടുതലുള്ളവരാണെന്നും ഇത്തരക്കാരിൽ പുരുഷന്മാർ ആകൃഷ്ടരാവുകയോ അവരെ ആക്രമിക്കുകയോ ചെയ്താൽ അതു സ്ത്രീയുടെ കുറ്റമാണെന്നും തുടങ്ങിയുള്ള ധാരണകളും സമൂഹത്തിൽ നിലനില്ക്കുന്നതായും സുപ്രീംകോടതി നിരീക്ഷിക്കുന്നു.

ഏതായാലും, ഇന്ത്യൻ നീതിന്യായരംഗത്ത് ലിംഗവിവേചനവും തെറ്റായ സങ്കല്പങ്ങളും ഒഴിവാക്കാനുള്ള മാർഗദീപമായി മാറുകയാണ് സുപ്രീംകോടതിയുടെ സമയോചിതമായ ഇടപെടലും ശൈലീപുസ്തകവും. രാജ്യത്താദ്യമായി പൂർണമായും സ്ത്രീപക്ഷമെന്നു വിശേഷിപ്പിക്കപ്പെട്ട പൊതുജനാരോഗ്യബിൽ കേരളനിയമസഭ പാസാക്കിയതു കഴിഞ്ഞ മാർച്ചിലാണ്. ഉടമസ്ഥ, ഉദ്യോഗസ്ഥ തുടങ്ങിയ സ്ത്രീവിശേഷണങ്ങളുള്ള പ്രസ്തുതബിൽ പുരുഷകേന്ദ്രീകൃതസമൂഹത്തിൽ പെണ്ണിടങ്ങളുടെ മഹത്ത്വപൂർണമായ അടയാളപ്പെടുത്തലായിരുന്നു.

ജെൻഡർസമത്വത്തിന്റെ അടിസ്ഥാനയറിവുകൾ ചെറുപ്രായംമുതലേ സംലഭ്യമാക്കാൻ പൊതുസമൂഹവും സർക്കാരും പ്രതിജ്ഞാബദ്ധമാകണം. സ്കൂൾതലത്തിൽത്തന്നെ അതിനുള്ള മാർഗനിർദേശവും പരിശീലനവും നല്കേണ്ടതുണ്ട്. നമ്മുടെ കുട്ടികൾ പുതിയ കാലത്തെ വരവേല്ക്കുന്നതു വേർതിരിവുകളുടെയും വിവേചനത്തിന്റെയും കണ്ണടധരിച്ചുകൊണ്ടാവരുതെന്നു ശഠിക്കാൻ നമ്മുടെ വിദ്യാഭ്യാസസമ്പ്രദായത്തിനാകുമോ? സ്ത്രീയും പുരുഷനും തുല്യരാണെന്നും തുല്യനീതിയും തുല്യബഹുമാനവും അർഹിക്കുന്നവരാണെന്നുമുള്ള തിരിച്ചറിവ് സമൂഹത്തിലെന്നതുപോലെ, അടിസ്ഥാനപരമായി അവരുടെ വീട്ടകങ്ങളിലുമുണ്ടാവണം. സ്ത്രീശക്തീകരണത്തിന്റെ നാളുകളാണ് രാജ്യത്തു വരാനിരിക്കുന്നതെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു സ്വാതന്ത്ര്യദിനത്തലേന്നു നടത്തിയ പ്രസംഗം ജനാധിപത്യഭാരതത്തിനു പുത്തൻപ്രതീക്ഷയും കരുത്തും പകരട്ടെ.

**അറിയിപ്പ്**

തിരുവോണം പ്രമാണിച്ച് ഓഫീസ് അവധിയായതിനാൽ അടുത്തയാഴ്ച ദീപനാളം പ്രസിദ്ധീകരിക്കുന്നതല്ല.

– പത്രാധിപർ


ദീപനാളം മെഗാ

സാഹിത്യക്വിസ്

അൽഫോൻസാ കോളജ് ഓഡിറ്റോറിയം, പാലാ

2023 ഓഗസ്റ്റ് 31 വ്യാഴം രാവിലെ 10 മണിക്ക്



സമ്മാനങ്ങൾ

1ST ₹15000

2nd 10000 | 3rd 5000

4th 3000 | 5th 2000



നിബന്ധനകൾ

1. മത്സരാർഥികൾക്കു പ്രായപരിധിയില്ല.
2. ഒരു ടീമിൽ രണ്ടുപേർ ഉണ്ടായിരിക്കും.
3. മത്സരം രണ്ടു ഘട്ടങ്ങളായാണു നടത്തുന്നത്. ആദ്യറൗണ്ട് എഴുത്തുപരീക്ഷയാണ്. അതിൽ മികവു നേടുന്ന അഞ്ചു ടീമുകൾക്കായിരിക്കും രണ്ടാം റൗണ്ടിൽ മത്സരയോഗ്യത.
4. ആദ്യറൗണ്ട് മത്സരങ്ങൾ കഴിഞ്ഞാലുടൻ രണ്ടാം റൗണ്ട് മത്സരങ്ങൾ സ്റ്റേജിൽ ആരംഭിക്കും. രണ്ടാം റൗണ്ട് വിഷ്വൽസിനു പ്രാധാന്യമുള്ളതാണ്.
5. മലയാളഭാഷയ്ക്കും സാഹിത്യത്തിനുമാണ് മുൻഗണന.
6. ചോദ്യോത്തരങ്ങളുടെ പൊതുമാധ്യമം മലയാളമായിരിക്കും.
7. രജിസ്ട്രേഷൻ ഫീസ് ഒരു ടീമിന് 200 രൂപ.
8. പങ്കെടുക്കാൻ താത്പര്യമുള്ളവർ ഓഗസ്റ്റ് 25 നു മുമ്പ് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.
   Mob: 7306 874 714 | Email: editordeepanalam@gmail.com
9. ക്വിസ് മാസ്റ്ററുടെ തീരുമാനം അന്തിമമായിരിക്കും.

# മനസ്സിൽ നിറയട്ടെ മാനവികതയുടെ വാടാത്ത പൂക്കളങ്ങൾ





മീര കൃഷ്ണൻകുട്ടി

അത്തം നാളിൽ, നഗരത്തിലെ ഒരു ചെറിയ ആകാശക്കൂടിന്റെ മുന്നിലെ ബാൽക്കണിയിൽ ഞാനും ഒരു കൊച്ചുപൂക്കളം തീർത്തിരുന്നു. എതിർവശത്തെ ബാൽക്കണിയിൽ, ചെറുപ്പക്കാരിയായ എന്റെ അയൽക്കാരിയും. 'അടുക്കളയിൽ നൂറുകൂട്ടം പണിയുണ്ട്. കുട്ടികൾക്കു സ്കൂളിൽ പോകാൻ നേരമായി. എനിക്ക് ഓഫീസിലും. പൂ കിട്ടാനും വൈകി. പൂവിനൊക്കെ എന്താ വില! എന്നാലും, ഇന്ന് അത്തമല്ലേ, ഒരു ചെറിയ പൂക്കളമെങ്കിലും ഇടാതെ...!'

യുവതിയുടെ മനസ്സു മുഴുവൻ വീട്ടിലെ പ്രശ്നങ്ങളിലും കൈമാത്രം പൂക്കളത്തിലും ആയിരുന്നെന്നു തോന്നി.

പുറത്തൊരു വരുമാനവും വേണം വീട്ടിൽ തികഞ്ഞൊരു വീട്ടമ്മയുമാകണം എന്ന നിയോഗം സ്വീകരിക്കാൻ നിർബന്ധിതരാവുന്ന, യുവഭാര്യമാരുടെ ഒരു പ്രതീകമായിക്കാണാറായ അവളുടെ ബദ്ധപ്പാടുകൾ മനസ്സിലാക്കാമായിരുന്നു.

അത്തംതൊട്ട് തിരുവോണംവരെയുള്ള ദശദിനങ്ങളുടെ ആഘോഷങ്ങൾ, ഏതൊരു മലയാളിയെ സംബന്ധിച്ചിടത്തോളവും മഹാബലിത്തമ്പുരാന്റെ വരവേല്പിന്റെ ആനന്ദമെന്നതിൽ കവിഞ്ഞ്, ഗൃഹാതുരതയുടെ വിവരിക്കാനാവാത്ത ഹൃദയവികാരംകൂടിയാണെന്നത് ആർക്കാണറിയാത്തത്!

പ്രവാസികളെ സംബന്ധിച്ചിടത്തോളമാണെങ്കിൽ, പറയാനുമില്ല.

ആകാശക്കൂടുകളിൽ കഴിയേണ്ടിവരുന്ന, കൊച്ചുജനാലപ്പുറത്തെ ഒരു കഷണം നരച്ച ആകാശംമാത്രം കാഴ്ചയാകാൻ വിധിയാകുന്ന, നഗരവാസികളായ പഴയ തലമുറക്കാരുടെ മാനസങ്ങൾ, ഓണക്കാലത്ത് സ്വന്തം ബാല്യാനുഭവങ്ങളിലേക്കും കാലം കറുപ്പിക്കാത്ത ഓണസ്മരണകളിലേക്കും കുതിക്കുന്നത്, സ്വാഭാവികം.

നഷ്ടപ്പെടുമ്പോഴാണല്ലോ ഏതിന്റെയും മൂല്യം ഇരട്ടിയാകുന്നത്! അകലത്തിരുന്നു കാണുമ്പോൾ ഏതഴകിനും ഏഴു മടങ്ങിന്റെ മാറ്റുണ്ടാകുമെന്നു പറയുന്നതെത്ര സത്യം!

കാറൊഴിഞ്ഞ്, മഴയൊഴിഞ്ഞ്, മാനം വെളുക്കുന്ന കാലം. മനം തെളിഞ്ഞ്, മാലോകരെല്ലാം ഒത്തുകൂടുന്ന കാലം. പാടത്ത് പൊൻപൊലിമ വിടർന്നുമുറ്റും കാലം. പറമ്പിലും പരിസരത്തും ചന്തമുള്ള വർണപുഷ്പങ്ങൾ തലകാട്ടി സാന്നിധ്യം കുറിക്കുന്ന കാലം.

നെന്മണികൾ ഉതിർന്നുതുടങ്ങുന്നുണ്ടോ എന്നു ചാഞ്ഞും ചെരിഞ്ഞുമന്വേഷിച്ച് പാടവരമ്പത്തു കിളികൾ കലപില കൂട്ടും കാലം. തൊലിച്ചും പൊളിച്ചും നെല്ലു മൂപ്പായോ എന്നു പരിശോധിച്ചുകൊണ്ട് അണ്ണാറക്കണ്ണന്മാർ കവാത്തി നിറങ്ങും കാലം.

ഓണത്തിന്റെ വരവും കൊട്ടിപ്പാടി, നേരിയ മഴത്തണുപ്പുമായി, വറുത്തുപ്പേരികളുടെ വാസനകളുമായി ഓണക്കാറ്റെത്തും കാലം.

കുഴിയിലും കുന്നിലും കുടിലിലും കൊട്ടാരത്തിലും ഒരുപോലെ പരക്കുന്ന ഓണനിലാവിന്റെ കാലം. അടുക്കളയും അകത്തളവും, പലതരം ശബ്ദങ്ങളുടെയും മണങ്ങളുടെയും കലവറയാവുന്ന കാലം. കിഴക്ക് പൊൻതിരി തെളിയുംമുമ്പ്, പല നിറത്തിലും മണത്തിലും വലുപ്പത്തിലുമുള്ള പൂക്കൾകൊണ്ട് ചാണകം മെഴുകിയ മുറ്റത്ത് എല്ലാ പ്രായത്തിലുമുള്ളവരും ഒന്നിച്ചിരുന്ന് പൂക്കളങ്ങൾ തീർത്തിരുന്ന കാലം. നാനാതരം രസവിഭവങ്ങളുടെ സമഞ്ജസമേളമാകുന്ന തൂശനിലയിലെ സദ്യകളുടെ കാലം.

തീരുന്നില്ല, മനക്കാഴ്ചകൾ!

വളകൾ കിലുക്കിക്കൊണ്ട്, കൈകൾ തട്ടിക്കൊണ്ട്, മുറുക്കിച്ചുവപ്പിച്ച ചുണ്ടുകളിൽനിന്നുതിരുന്ന പാട്ടിൻവരികൾക്ക് ചുവടുവച്ചുകൊണ്ട്, മങ്കമാർ അവതരിപ്പിക്കുന്ന കൈകൊട്ടിക്കളികൾ. ഉയരങ്ങളിലേക്കു കുതിച്ച് മാനം തൊട്ടിറങ്ങാൻ കൊതിപ്പിക്കുന്ന ഊഞ്ഞാലുകൾ.

ഓരങ്ങളോടു കിന്നാരംപറഞ്ഞ്, നിറഞ്ഞുവഴിഞ്ഞ്, അലസഗമനത്തിലാഴുന്ന നദികൾ. മുരുകൻ കാട്ടാക്കടയുടെ വരികളാണ് മനസ്സിലേക്കപ്പോൾ കയറിവന്നത്:

'ഓർമയ്ക്കു പേരാണിതോണം.
പൂർവനേരിന്റെ നിനവാണിതോണം.
ഓർക്കുവാൻ എന്തെങ്കിലും വേണം
എന്നുള്ള വാക്കിന്റെ നിറവാണിതോണം!'

എത്ര വാസ്തവം അല്ലേ?

ഓണസ്മരണകൾ ആർദ്രതയോടെ അവതരിപ്പിച്ചിട്ടുള്ള, ഓണസ്മൃതിഭംഗിയുടെ, മഴവിൽപ്രകാശം നിറച്ച കവിതകൾ സമ്മാനിച്ചിട്ടുള്ള, ഉള്ളൂർ, വൈലോപ്പിള്ളി, ബാലാമണിയമ്മ, ഒ.എൻ.വി., സുഗതകുമാരി തുടങ്ങി എത്രയെത്രയോ കവികളാണ് നമുക്കുള്ളത്.

'പോവല്ലേ, പോവല്ലേ പൊന്നോണമേ' എന്നു പാടിയത് ഇടശ്ശേരി!

'എത്ര പാട്ടുകൾ പാടി നമ്മൾ? എന്നാൽ, ഓണത്തെപ്പറ്റി മൂളിയ പാട്ടിൻ മാധുരി വേറൊന്നല്ലേ' എന്നു പാടിയത് നമ്മുടെ പ്രിയപ്പെട്ട കാല്പനികകവി പി. കുഞ്ഞിരാമൻനായർ!

എന്നാൽ, അതൊക്കെയും ഏതോ ഒരു കാലം, ഇനി വരാത്ത കാലം, എന്നുള്ളതും ഇന്നു നമുക്കറിയാം. പുതിയ തലമുറ പറയുന്നതും അതുതന്നെ!

പാടങ്ങളും വരമ്പുകളും കോൺക്രീറ്റുകാടുകൾക്കു വഴിമാറിക്കഴിഞ്ഞു. നദികൾ നൂലൊഴുക്കുകളുടെ ചാലുകളായി.

നനവൂറുന്ന മണ്ണിലും മുള്ളിലും പുല്ലിലും കല്ലിലും നടന്ന്, പ്രകൃതിയുമായി കളിച്ചും ചിരിച്ചും ചെടിയറിഞ്ഞും വള്ളിയറിഞ്ഞും, വേരറിഞ്ഞും ഇലയറിഞ്ഞും പൂമ്പാറ്റകളെ കണ്ടുരസിച്ചും കൂട്ടംകൂടി കുട്ടികൾ പൂ പറിച്ചിരുന്ന കാലവും പോയി.

പൂക്കളങ്ങൾ മത്സരവേദികൾക്കുവേണ്ടിക്കൂടിയായി. അതിനുവേണ്ട പൂക്കൾക്കുപോലും അന്യസംസ്ഥാനങ്ങളെ ആശ്രയിക്കണമെന്ന ഗതിയുമായി!

സദ്യകൾ, അടുക്കളയിൽനിന്നു പുറത്തേക്കല്ല; മറിച്ച്, പുറത്തുനിന്ന് അകത്തേക്ക് എത്തിക്കേണ്ടതായ സാഹസമാണ് ഇന്നു കണ്ടുവരുന്നത്.

കാർഷികസംസ്കാരത്തിന്റെ ആഘോഷംകൂടിയാകുന്ന ഓണം, ഇന്ന് വാണിഭസംസ്കാരത്തിന്റെ പിടിയിൽ ആണ്ടുപോകുന്നത് സാധാരണകാഴ്ചയാണ്.

എന്നാൽ, തീർച്ചയായും, കേരളത്തിൽ മാത്രമല്ല, ലോകത്തെമ്പാടും അങ്ങേയറ്റത്തെ ആർഭാടത്തോടെ സമയം കണ്ടെത്തിക്കൊണ്ടുതന്നെ, മലയാളികൾ ഓണം കൊണ്ടാടുന്നുണ്ടെന്നുള്ളത് ഒരു വാസ്തവം തന്നെ!

അതേസമയം, ഒരുവശത്ത് ആർഭാടങ്ങളുടെ പേരിൽ ധൂർത്തും അവശ്യസാധനങ്ങളുടെ അമിതമായ ലാഭേച്ഛയോടെയുള്ള വില്പനയും; മറുഭാഗത്ത്, ചെലവുകൾക്കിടയിൽ നട്ടംതിരിയുന്ന സാധാരണ പൗരന്റെ ഗതികേടും എല്ലാം ഓണക്കാലത്തെ കാഴ്ചകളാവാറുണ്ടെന്നതും സത്യം.

പാവം, മഹാബലിചക്രവർത്തിയെ, ഒരു കുടവയറനായി സങ്കല്പിച്ച്, വളരെ പ്രാകൃതമായി വേഷം കെട്ടിച്ച് എഴുന്നള്ളിക്കുന്ന, ഒരു രീതിയും ഇന്നുണ്ട്. ഒരുകാലത്തെ ഏറ്റവും കരുത്തനായിരുന്ന ഒരു ചക്രവർത്തിയായിരുന്നു അദ്ദേഹം എന്നോർക്കണം!

എന്തായാലും, ഏതു രീതിയിലുള്ള ആഘോഷമായാലും, ഓണത്തിന്റെ ആന്തരികമായ സ്വത്വം മനസ്സിൽനിന്നു ചോർന്നുപോകാതെ നമ്മൾ സൂക്ഷിക്കേണ്ടതുണ്ട്. പൂക്കളവും പൂവിളിയും പൂവടയും സദ്യയും ആർപ്പും ആരവങ്ങളും പുലിക്കളിയും എന്നതിലൊക്കെയുമുപരിയായി ഓണമെന്നത് സമത്വത്തിന്റെയും സാഹോദര്യത്തിന്റെയും ധർമനിഷ്ഠയുടെയും പ്രതീകംകൂടിയാണെന്നുള്ളത് വളരുന്ന തലമുറ മറക്കരുത്.

ജാതിമതലിംഗഭേദങ്ങൾക്കും സാമ്പത്തികമായ ഏറ്റക്കുറച്ചിലുകൾക്കുമതീതമായി, മാനുഷരെല്ലാരും ഒന്നുപോലെ എന്നുള്ളത് പാടിപ്പോകാനുള്ളതല്ല; മറിച്ച്, ജീവിതത്തിൽ പ്രാവർത്തികമാക്കാനുള്ളതാണ്.

ഓണത്തിന്റെ കാതലാകുന്നത് ഒന്നിക്കുന്നതിലെ സൗന്ദര്യമാണ്, ഒന്നാകുന്നതിന്റെ പ്രസക്തിയാണ്. അതൊക്കെയും നമ്മൾ ഓർക്കേണ്ടതുണ്ട്! ഉത്തമസംസ്കാരത്തിന്റെ, മികവും മൂല്യവും കാലം മാറുമ്പോഴും കൂടെക്കൂട്ടേണ്ടതുണ്ട്.

പ്രത്യേകിച്ച്, കൊള്ളയും കൊലയും സ്ത്രീപീഡനവും നിത്യവാർത്തയാകുന്ന, നാടും കാടും അരക്ഷിതമാകുന്ന ഇക്കാലത്ത്, ധാർമികത ചോർന്നുപോകാതെ നോക്കേണ്ടത് നമ്മുടെ ചുമതലയാണ്, ബാധ്യതയാണ്. മനുഷ്യനും പ്രകൃതിയും പരസ്പരപൂരകങ്ങളാണ്, പ്രകൃതിയുടെ പരിപോഷണത്തിലൂടെ മാത്രമേ മനുഷ്യനു നിലനില്പുള്ളൂ എന്നുള്ളതിന്റെ അറിയിപ്പുമാണ് ഓണം.

ആഘോഷിക്കേണ്ടത് ഒത്തൊരുമയാണ്. മനുഷ്യർക്കന്യോന്യവും മനുഷ്യനും പ്രകൃതിയുമായും വേണ്ടതായുള്ള തികഞ്ഞ സമന്വയം!

വർത്തമാനകാലത്തിലെ ഓരോ നിമിഷവും സാർഥകമാക്കിക്കൊണ്ട്, നന്മ വിതച്ച് നന്മകൾമാത്രം കൊയ്യാറാകുന്ന ഒരു ഭാവി നമുക്കു വാർത്തെടുക്കേണ്ടതുണ്ട്. ഓരോ ഓണവും അതിനുള്ള പ്രചോദനമാകട്ടെ, ഊന്നലാകട്ടെ!

ഏതു നഷ്ടങ്ങളുടെ സ്മൃതിമധ്യത്തിലാണെങ്കിലും കാലികപ്രശ്നങ്ങളുടെ കുരുക്കിലാണെങ്കിലും ഓരോ പൊന്നിൻ തിരുവോണവും കടന്നുപോകുന്നത് പാവനമായ മാനവികതയുടെയും നിറഞ്ഞ പ്രത്യാശയുടെയുമായ വാടാത്ത പൂക്കളങ്ങൾ നമ്മുടെ മനസ്സിൽ അവശേഷിപ്പിച്ചുകൊണ്ടാകട്ടെ. ■

YOUR PERFECT RIDING PARTNER
DJ CYCLES
DJ CYCLES
പാലാ – പൊൻകുന്നം റോഡ്
മുരിക്കുംപുഴ – പാലാ



ഫാ. തോമസ് പാട്ടത്തിൽചിറ CMF

8

# ഭവനം



കുടുംബവിളക്ക്

ഭവനത്തെക്കുറിച്ചുള്ള അടിസ്ഥാനബോധ്യങ്ങളിൽ അനുദിനം ആഴപ്പെടാൻ ക്രൈസ്തവകുടുംബങ്ങൾക്കു കഴിയണം. കല്ലും മരവും മണലുമൊക്കെ ഉപയോഗിച്ച് നാം കെട്ടിപ്പൊക്കുന്ന പാർപ്പിടങ്ങളൊക്കെ വെറും വീടുകളേ ആകുന്നുള്ളൂ. ഇതരജീവജാലങ്ങളുടെ വാസസ്ഥലങ്ങളിൽനിന്ന് അവ വാസ്തവത്തിൽ അധികം വ്യത്യസ്തമാകുന്നില്ല. എന്നാൽ, ഒരു ക്രൈസ്തവകുടുംബം കേവലം വീടായി നില്ക്കാനുള്ളതല്ല. പിന്നെയോ, ഒരു 'ഭവന'മായി പരിണമിക്കാനുള്ളതാണ്. വീട് ഭവനമായി മാറുന്നത് അതിൽ കർത്താവിന്റെ കാല്പാടുകൾ പതിയുമ്പോഴാണ്. സുവിശേഷത്തിലെ സക്കേവൂസിന്റെ 'വീട്' (ലൂക്കാ 19:5) ഈശോയുടെ സന്ദർശനത്തോടെ 'ഭവനം' ആയി മാറി (ലൂക്കാ 19:9). ഓർക്കണം, വീട്ടിൽനിന്നു ഭവനത്തിലേക്കുള്ള ദൂരമാണ് ഒരു കുടുംബത്തിന്റെ രക്ഷയുടെ അനുഭവത്തിലേക്കുള്ള അകലം. മലയാളിയുടെ 'വീടുഭ്രമം' അനിതരസാധാരണമായ ഒന്നാണ്. 'അടുപ്പെരിഞ്ഞില്ലേലും വീട് അടിപൊളിയായിരിക്കണം' എന്ന മനോഭാവം മനുഷ്യർക്കിടയിൽ മലയാളികൾക്കേയുള്ളൂ എന്നു തോന്നുന്നു. കിടന്നുറങ്ങാൻ ഒരു പുര പണിയുന്ന കാര്യത്തിൽ നാം കാട്ടുന്ന ആർഭാടവും അമിതച്ചെലവും മത്സരവുമൊക്കെ ഇല്ലാതാകാൻ എത്ര പ്രളയവും ഉരുൾപൊട്ടലും വേണ്ടിവരും? വീട് കൂടുതൽ മോടിപിടിപ്പിക്കാൻ കോടികൾ മുടക്കാൻ മടിക്കാത്ത നാം അതിനെ ഭവനമാക്കി മാറ്റാൻ എന്തു വില നല്കും? കർത്തൃസാന്നിധ്യമില്ലാത്ത കുടുംബം കിളിയൊഴിഞ്ഞ കൂടുപോലെയായിരിക്കും. അതിനുള്ളിൽ ജീവന്റെ ചങ്കിടിപ്പും ചിറകടിയുമൊന്നും കാണുകയില്ല. ബാഹ്യമോടിയല്ല, ആന്തരികഭംഗിയാണ് ഭവനത്തിന്റെ ആഭരണം. അതുണ്ടാകണമെങ്കിൽ അതിലെ ഒരംഗമായി ദൈവമുണ്ടാകണം. നാം നാളിതുവരെ താമസിച്ചിരുന്ന വീട്ടുവാസത്തോടു വിടപറഞ്ഞ് ഇനിമുതൽ ഭവനവാസം തുടങ്ങാം. അപ്പോൾ സന്തോഷവും സമാധാനവും താനേ വന്നുചേരും. ഓർക്കാം, കുടുംബാംഗങ്ങളോടൊപ്പം ദൈവം വസിക്കുന്ന ഭവനമാണ് ഭുവനത്തിലെ സ്വർഗം. നമ്മുടെ വീട് ഭവനമായി രൂപാന്തരപ്പെടട്ടെ. കർത്താവിന്റെ കൂടാരമാകട്ടെ. അപ്പോൾ അതിൽ ഭാവുകങ്ങളുണ്ടാകും. ഭയം കൂടാതെ, അതിൽ കഴിയാനും കിടന്നുറങ്ങാനും നമുക്കു സാധിക്കും.



*"യേശു അവനോടു പറഞ്ഞു: ഇന്ന് ഈ ഭവനത്തിനു രക്ഷ ലഭിച്ചിരിക്കുന്നു." (ലൂക്കാ. 19:9)*



*ഡോ. സി. വെള്ളരിങ്ങാട്ട് രചിച്ച 'മരിയശാസ്ത്രവും ക്രിസ്തുശാസ്ത്രവും' എന്ന ഗ്രന്ഥം പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് മോൺ. ജോസഫ് തടത്തിലിനു നല്കി പ്രകാശനം ചെയ്യുന്നു. ഫാ. ഡോ. ജോസഫ് കുറ്റിയാങ്കൽ, ഫാ. ഫിലിപ്പ് ഞരളക്കാട്ട്, ഗ്രന്ഥകർത്താവ്, ഫാ. മൈക്കിൾ നരിക്കാട്ട്, ഫാ. ജോസഫ് കൂവള്ളൂർ എന്നിവർ സമീപം.*



*അന്തീനാട് ജോസ് രചിച്ച 'ബൈബിൾ കഥകൾ' എന്ന ഗ്രന്ഥം ളാലം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് റാണി ജോസ് സിസ്റ്റർ വിൻസിക്കു നല്കി പ്രകാശനം ചെയ്യുന്നു. ജോസഫ് കുമ്പുക്കൻ, ജോബി കുര്യൻ, ഗ്രന്ഥകാരൻ, ബിനു വള്ളോംപുരയിടം, സിസ്റ്റർ ആനി, ക്ലാരിസ് മൈക്കിൾ എന്നിവർ സമീപം.*


# ഡോ. തോമസ് സ്കറിയയ്ക്ക് സമദർശന സാഹിത്യപുരസ്കാരം



കോട്ടയം: ചെങ്ങന്നൂർ സമദർശന സാംസ്കാരികപഠനകേന്ദ്രം ഏർപ്പെടുത്തിയ 2023 ലെ സാഹിത്യപുരസ്കാരം ഡോ. തോമസ് സ്കറിയ എഴുതിയ 'ടെറി ഈഗിൾട്ടൺ: സിദ്ധാന്തം, സൗന്ദര്യം, സംസ്കാരം' എന്ന നിരൂപണപുസ്തകത്തിന്. പാലാ സെന്റ് തോമസ് കോളജിൽ മലയാളവിഭാഗം അസോസിയേറ്റ് പ്രഫസറായ അദ്ദേഹം, എം.ജി. സർവകലാശാല പി.ജി. ബോർഡ് ഓഫ് സ്റ്റഡീസ് അംഗവും ഗവേഷണമാർഗദർശിയുമാണ്. കുറിച്ചിത്താനം പാലമറ്റത്തിൽ പരേതനായ പി.എം. സ്കറിയയുടെയും വി.വി. ഏലിയാമ്മയുടെയും പുത്രനാണ്. ഭാര്യ ക്രിസ്റ്റിമോൾ മാത്യു പട്ടിക്കാട് ഗവ. ഹയർ സെക്കൻഡറി സ്കൂൾ അധ്യാപിക.

## വായന


### അവർക്കു ജീവനുണ്ടാകാൻ




ഗ്രന്ഥകർത്താ : ഫാ. ഡോ. ജയിംസ് പുലിയുറുമ്പിൽ
പ്രസാധനം : പാലാ രൂപത കച്ചേരി
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : ₹ 300

പാലാ രൂപതയുടെ ദ്വിതീയ മെത്രാനായിരുന്ന മാർ ജോസഫ് പള്ളിക്കാപറമ്പിലിന്റെ മെത്രാഭിഷേക സുവർണജൂബിലി സ്മാരകഗ്രന്ഥം. സഭയോടു സ്നേഹവും പാരമ്പര്യങ്ങളോടു വിശ്വസ്തതയും ആരാധനക്രമത്തോടു പ്രതിബദ്ധതയും അധികാരത്തോടു വിധേയത്വവുമുണ്ടായിരുന്ന പിതാവിന്റെ ജീവിതവും പ്രവർത്തനങ്ങളും ആകർഷകമായ രീതിയിൽ ഇതിൽ അവതരിപ്പിച്ചിരിക്കുന്നു. ജീവിതവഴികളിൽ ഉഴറിനീങ്ങുന്നവർക്ക് പ്രത്യാശയേകുന്ന ഗ്രന്ഥം.

### ക്രിസ്തുവിൽ മറഞ്ഞവൻ




ഗ്രന്ഥകർത്താ : വിനായക് നിർമൽ
പ്രസാധനവും
വിതരണവും : ആത്മ ബുക്സ്, കോഴിക്കോട്
വില : ₹ 100

ഉമ്മൻ ചാണ്ടിയുടെ സ്നേഹരാഷ്ട്രീയത്തിനു പിന്നിലുണ്ടായിരുന്ന ക്രൈസ്തവ ആത്മീയതയെ ആഴത്തിൽ അപഗ്രഥനവിധേയമാക്കുന്ന കൃതി. ഉമ്മൻ ചാണ്ടിയുടെ യഥാർഥമഹത്വം മനസ്സിലാക്കാൻ സഹായിക്കുന്ന ഈ കൃതി ഒരു ധ്യാനപുസ്തകംകൂടിയാണ്. ബോബി ജോസ് കട്ടികാടിന്റെ പ്രവേശിക. ഫാ. ഡേവിസ് ചിറമ്മൽ, പുതുപ്പള്ളി സെന്റ് ജോർജ് ഇടവകവികാരി ഫാ. വർഗീസ് വർഗീസ് എന്നിവരുടെ ആശംസകൾ.

കോപ്പികൾക്ക് : 9746077500, 9746440800

### മരിയശാസ്ത്രവും ക്രിസ്തുശാസ്ത്രവും




ഗ്രന്ഥകർത്താ : ഡോ. സി. വെള്ളരിങ്ങാട്ട്
പ്രസാധനം : ജീവൻബുക്സ്, ഭരണങ്ങാനം
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : ₹ 140

മരിയശാസ്ത്രം ക്രിസ്തുശാസ്ത്രത്തോടും സഭാശാസ്ത്രത്തോടും എപ്രകാരം ബന്ധപ്പെട്ടിരിക്കുന്നുവെന്ന് സുവ്യക്തമാക്കുന്ന ഒരു പഠനഗ്രന്ഥം. ഒമ്പത് അധ്യായങ്ങളിലായി തയ്യാറാക്കിയിരിക്കുന്ന ഈ ഗ്രന്ഥം മരിയശാസ്ത്രത്തെ സംബന്ധിച്ച ഒട്ടനവധി സംശയങ്ങൾക്ക് ഉത്തരമേകുന്നു. ദൈവശാസ്ത്രവിദ്യാർഥികൾക്കും അധ്യാപകർക്കും മാർഗദർശകമാകുന്ന ഒരു ഉത്തമ ഗ്രന്ഥം.




**സെപ്റ്റംബർ 3**
**ഏലിയാ സ്ലീവാ മൂശ ഒന്നാം ഞായർ**

നിയ 6:20-25
ഏശ 31:4-9
2 തെസ 1:3-10
ലൂക്കാ 18:35-43

# നിത്യരക്ഷയിലേക്ക് വിളിക്കപ്പെട്ടവർ





ഫാ. ഡോ. ജോസഫ് കരികുളം

ഏലിയാ-സ്ലീവാ-മൂശക്കാലങ്ങളുടെ ചൈതന്യത്തിലേക്ക് സീറോ-മലബാർ സഭ പ്രവേശിക്കുകയാണ്. കുരിശിന്റെ വിജയവും കർത്താവിന്റെ രണ്ടാമത്തെ ആഗമനവുമാണ് ഈ കാലത്തെ പ്രധാന ധ്യാനചിന്തകൾ. സെപ്റ്റംബർ 14-ാം തീയതി ആചരിക്കുന്ന കുരിശിന്റെ പുകഴ്ചയാണ് ഈ കാലത്തിന്റെ കേന്ദ്രബിന്ദു. ഈശോയുടെ രൂപാന്തരീകരണവേളയിൽ അവിടുത്തോടൊപ്പം മോശയും ഏലിയായും ഉണ്ടായിരുന്നു. നിയമത്തിന്റെയും പ്രവാചകന്മാരുടെയും മധ്യത്തിൽനിന്ന് അവരോടു സംസാരിക്കുന്ന ഈശോ. ഉത്ഥിതനായ ഈശോയുടെ പ്രതീകമായ സ്ലീവായും നിയമവും പ്രവാചകന്മാരും.

മിശിഹായുടെ രണ്ടാമത്തെ ആഗമനത്തിനുമുമ്പ് ആകാശമധ്യത്തിൽ മഹത്ത്വത്തോടെ പ്രത്യക്ഷപ്പെടുമെന്ന് അവിടുന്ന് പറഞ്ഞിട്ടുള്ള അടയാളം (മത്താ. 24:30) കുരിശാണെന്ന വിശ്വാസം ആദിമസഭയിൽ ഉണ്ടായിരുന്നു. അതുകൊണ്ട് കുരിശിന്റെ ശക്തിയും വിജയവും ഈ കാലത്തിൽ നാം പ്രത്യേകമായി അനുസ്മരിക്കുന്നുണ്ട്. സ്ലീവാവഴി മിശിഹാ പറുദീസയിലേക്കു വഴികാട്ടിത്തന്നുകൊണ്ട് മർത്ത്യകുലത്തെ രക്ഷിച്ചിരിക്കുന്നു. പറുദീസയിലെ ജീവന്റെ വൃക്ഷത്തോടും മോശ മരുഭൂമിയിൽ ഉയർത്തിയ പിച്ചളസർപ്പത്തോടും കുരിശിനെ ഉപമിക്കാം.

ഏലിയാ-സ്ലീവാ-മൂശക്കാലത്തിന്റെ ആദ്യഞായറാഴ്ച ദൈവം നല്കുന്ന രക്ഷയുടെ അനുഭവങ്ങളുടെ നേർസാക്ഷ്യങ്ങളാണ് ഇന്നത്തെ വായനകൾ. ഈജിപ്തിലെ അടിമത്തത്തിൽനിന്ന് ഇസ്രായേൽക്കാരെ രക്ഷിച്ച ദൈവത്തെക്കുറിച്ചാണ് ഒന്നാമത്തെ വായന (നിയമാ. 6: 20-25). “തന്റെ ശക്തമായ കരത്താൽ കർത്താവ് നമ്മെ ഈജിപ്തിൽനിന്നു മോചിപ്പിച്ചുകൊണ്ടുവന്നു” (6:21). “നമ്മുടെ കണ്മുന്നിൽ വച്ച് അവിടുന്ന്... അടയാളങ്ങളും അദ്ഭുതങ്ങളും പ്രവർത്തിച്ചു” (6:22). സ്രഷ്ടാവും പരിപാലകനുമായ ദൈവം എന്ന ആശയം ഇസ്രായേൽജനതയുടെ ചിന്തയിലും ബോധ്യത്തിലും രൂഢമൂലമാകുന്നത് ഈജിപ്തിൽനിന്നുള്ള മോചനത്തിലൂടെയാണ്. കൂടെനടക്കുന്ന ദൈവത്തെ ഇസ്രായേൽജനം അനുഭവിക്കുന്നു.

ജനത്തെ ഈജിപ്തിൽനിന്നു മോചിപ്പിച്ചു കൊണ്ടുവരിക മാത്രമല്ല, രക്ഷയുടെ ഭൗമിക പ്രതീകമായ സുസ്ഥിരതയും സുഭിക്ഷതയും നിറഞ്ഞ ഒരു രാജ്യം ദൈവം അവർക്കായി ഒരുക്കി നൽകുകയും ചെയ്യുന്നു. അതോടെ, ഇസ്രായേൽജനത്തിന് ദൈവം ഏറ്റവും പ്രധാനപ്പെട്ടതായി മാറുന്നു. ദൈവമാണ് അവരുടെ രക്ഷയുടെ ആരംഭവും അവസാനവും. അതുകൊണ്ട്, ‘എന്നും നന്മയുണ്ടാകാനും ഇന്നത്തെപ്പോലെ നാം ജീവിച്ചിരിക്കാനുംവേണ്ടി കർത്താവ് ജനത്തിനു നല്കിയ കല്പനകൾ അനുസരിക്കണം’ (cf.6:24). രക്ഷ വെറുതെ നല്കപ്പെടുന്നതല്ല, ദൈവത്തോടു സഹകരിച്ചു പ്രവർത്തിക്കുന്നവർക്കുള്ളതാണ് രക്ഷ.

ദൈവം നല്കിയ രക്ഷയുടെ രണ്ടാമത്തെ മുഖം നാം ദർശിക്കുന്നത് ബാബിലോൺ അടിമത്തത്തിൽനിന്നുള്ള മോചനത്തിലാണ്. അതിനെക്കുറിച്ചാണ് ഏശയ്യാ പ്രവാചകന്റെ പുസ്തകത്തിൽനിന്നുള്ള വായന (31:49). അടിമത്തത്തിലായിരിക്കുന്ന ജനത്തെ ദൈവം മോചിപ്പിക്കും എന്നുള്ള പ്രവാചകന്റെ വാക്കുകൾ ദൈവത്തിന്റെ രക്ഷയുടെ പ്രതീക്ഷ ജനത്തിൽ വീണ്ടുമുണർത്തുന്നു. അടിമത്തത്തിലേക്കു ജനം പോകാൻ കാരണംതന്നെ ദൈവത്തെ രക്ഷയുടെ മാർഗമായി കരുതുന്നതിൽ അവർക്കു വന്ന വീഴ്ചയാണ്. ദൈവത്തെ തള്ളിപ്പറഞ്ഞ അവർ ‘സ്വന്തം കരംകൊണ്ട് പാപകരമായി പൊന്നും വെള്ളിയും ഉപയോഗിച്ച് വിഗ്രഹങ്ങളെ നിർമിച്ചു’ (31:7). പക്ഷേ, ദൈവത്തിന്റെ രക്ഷയുടെ കരം അവരെ ഉപേക്ഷിക്കുന്നില്ല എന്ന് പ്രവാചകൻ അവരെ ഓർമിപ്പിക്കുന്നു. “അസ്സീറിയാ മനുഷ്യന്റേതല്ലാത്ത ഒരു വാൾകൊണ്ടു വീഴും. മനുഷ്യന്റേതല്ലാത്ത ഒരു വാൾ അവനെ സംഹരിക്കും” (31:8).

പുതിയ ഉടമ്പടിയിലേക്കു വരുമ്പോളാകട്ടെ ഭൗതികമായ കാര്യസാധ്യങ്ങളുടെ തലത്തിൽനിന്ന് ആത്മീയവും ദൈവികവുമായ രക്ഷയുടെ ചിന്തയിലേക്കു ജനത്തെ വിളിക്കുന്ന ദൈവത്തെ നമുക്കു കാണാം. നസ്രായനായ ഈശോയ്ക്ക് തന്നെ സൗഖ്യമാക്കാൻ കഴിയും എന്ന് ഉറച്ചു വിശ്വസിച്ച അന്ധനായ മനുഷ്യൻ, ചുറ്റുമുണ്ടായിരുന്നവരുടെ എതിർപ്പുണ്ടായിട്ടും ഈശോയുടെ ശ്രദ്ധ ആകർഷിക്കാൻ ശ്രമിക്കുന്നു (ലൂക്കാ 18:35-43). എന്നാൽ, ഈ സൗഖ്യപ്പെടുത്തൽ ഈശോയെ സംബന്ധിച്ച് ഒരു ശാരീരികസൗഖ്യത്തിന്റ തലത്തിൽ മാത്രം നില്ക്കുന്നതല്ല. ‘നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു’ (18:42) എന്ന് ആശ്വസിപ്പിച്ചാണ് ഈശോ അയാളെ മടക്കിയയയ്ക്കുന്നത്. അന്ധത മാറുന്നത് രക്ഷയിലേക്കുള്ള പ്രവേശനത്തിന്റെ ലക്ഷണമായി ഈശോതന്നെ പറയുന്നു. പ്രാർഥനയുടെ ശക്തിയാൽ ഒരു രോഗം മാറുന്നത്, ഭൗതികമായ ഒരു കാര്യസാധ്യം നടക്കുന്നത് അതിൽത്തന്നെ ഒതുങ്ങിനില്ക്കാതെ ദൈവമഹത്ത്വം അംഗീകരിക്കുന്നതിനും ദൈവരാജ്യത്തിലേക്കുള്ള വഴിയേ നടക്കുന്നതിനും പ്രചോദനകമാകണം.

അനുഗ്രഹങ്ങളും അദ്ഭുതങ്ങളും സംഭവിക്കുന്നത് തങ്ങളുടെ അവകാശമായിക്കരുതി, അനുഗ്രഹങ്ങൾ ലഭിച്ചതിനുശേഷം ദൈവത്തെ അന്വേഷിക്കാത്ത ഇസ്രായേൽജനത്തെപ്പോലെ നന്ദികേടു കാണിക്കുന്നവരാകരുത് ദൈവത്തിന്റെ ജനമെന്ന് ഈ മനുഷ്യൻ ഓർമിപ്പിക്കുന്നു. “അവൻ ദൈവത്തെ മഹത്ത്വപ്പെടുത്തിക്കൊണ്ട് ഈശോയുടെ പിന്നാലെ പോയി” (18:43). ദൈവത്തിന്റെ പിന്നാലെ പോകാത്ത ഇസ്രായേൽജനത്തിനുള്ള ഓർമപ്പെടുത്തലാണ് ഈ മനുഷ്യന്റെ പ്രവൃത്തി. ആത്യന്തികമായി ദൈവം തന്റെ ജനത്തെ ഒരുക്കിയിരിക്കുന്നത് ‘പുത്രനായ ഈശോയുടെ പിന്നാലെ പോകാനാണ്.’ അതാണു രക്ഷയുടെ വഴി!

ഈ രക്ഷയുടെ വഴി വിശുദ്ധ പൗലോസ് കൃത്യമായി സാക്ഷ്യപ്പെടുത്തുന്നുണ്ട് (2 തെസ. 1:3-10). “ദൈവരാജ്യത്തിനുവേണ്ടിയാണല്ലോ നിങ്ങൾ കഷ്ടപ്പാടുകൾ സഹിക്കുന്നത്” (1:5). ഭൂമിയിലെ ജീവിതം ദൈവരാജ്യത്തിനുള്ള ഒരുക്കമാണ്. ഇസ്രായേൽജനത്തോടു നിയമത്തിലൂടെയും പ്രവാചകന്മാരിലൂടെയും ദൈവം വെളിപ്പെടുത്താൻ ശ്രമിച്ചത് ഇക്കാര്യമാണ്. എന്നാൽ, ഇസ്രായേൽജനത്തിന് അതു കൃത്യമായി മനസ്സിലാക്കാൻ കഴിയാതെവന്നപ്പോഴാണ് തന്റെ പുത്രനെ ദൈവം ലോകത്തിലേക്കയയ്ക്കുന്നത്. പുതിയ ഉടമ്പടിയിലെ അംഗങ്ങളായ നമ്മോട് ഈശോമിശിഹായുടെ വചനങ്ങളും പ്രവൃത്തികളുംവഴി ദൈവം സംവദിക്കുന്നത് ദൈവരാജ്യത്തിൽ പ്രവേശിക്കാൻ ഒരുങ്ങുന്നതിനെപ്പറ്റിയാണ്. ആ രക്ഷ ദൈവംതന്നെ തന്റെ പുത്രനിലൂടെ നമുക്കുവേണ്ടി സാധിക്കുന്നു.

ദൈവത്തിനുവേണ്ടി നിലകൊള്ളുന്ന, കഷ്ടപ്പാടുകൾ സഹിക്കുന്ന ജനത്തിന് ദൈവരാജ്യം നല്കുകയെന്നത് ദൈവത്തിന്റെ നീതിയാണെന്ന് പൗലോസ് ശ്ലീഹാ നമ്മെ ഓർമിപ്പിക്കുന്നുണ്ട് (1: 7). മനുഷ്യനുവേണ്ടി ഈ ഭൗമികജീവിതത്തിലായാലും മരണാനന്തരജീവിതത്തിലായാലും ദൈവം ഒരുക്കിയിരിക്കുന്നത് തന്നെത്തന്നെയാണ്. തന്റെ ശരീരം ഭക്ഷിക്കുകയും രക്തം പാനം ചെയ്യുകയും ചെയ്ത് നിത്യജീവിതത്തിലേക്കു പ്രവേശിക്കാൻ ദൈവം തന്നെത്തന്നെ നല്കുന്നു. തന്റെ സൃഷ്ടികൾക്ക്, പ്രത്യേകിച്ച് തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ച മനുഷ്യനുണ്ടായ വീഴ്ചയിൽനിന്ന് അവനെ രക്ഷിച്ച് വീണ്ടും തന്റെയൊപ്പം ദൈവം ഇരുത്തുന്നു. അതാണ് ദൈവത്തിന്റെ നീതിമത്കരണം.

ഭൗതികമായ കാര്യസാധ്യത്തിനുവേണ്ടിയുള്ള വിശ്വാസമായിരിക്കരുത് നമ്മുടേത്. ദൈവം മിശിഹായിൽ ഒരുക്കിയിരിക്കുന്നത് നമ്മുടെ നിത്യരക്ഷയാണ്. ഭൗതികമായ കാര്യസാധ്യം ലഭിച്ചുകഴിഞ്ഞാൽ ദൈവത്തെ മറന്നുപോകുന്ന ഇസ്രായേൽക്കാരെപ്പോലെയാകരുത് നാം. മറിച്ച്, ഭൗതികമായ കാര്യസാധ്യങ്ങളിൽ ദൈവത്തെ തിരിച്ചറിയാനും സൗഖ്യം ലഭിച്ച സുവിശേഷത്തിലെ മനുഷ്യനെപ്പോലെ ഈശോയുടെ പിന്നാലെ പോകാനും തയ്യാറാകണം. ■

# ഞങ്ങൾ തിരുസ്സഭയോടൊപ്പം; മാർപാപ്പായോടൊപ്പം



അഡ്വ. ചാർളി പോൾ

**സീ**റോ മലബാർ സഭയിലെ എറണാകുളം-അങ്കമാലി അതിരൂപതയിൽ കുർബാനയർപ്പണരീതി സംബന്ധിച്ചുണ്ടായ തർക്കങ്ങൾ അതിന്റെ സകല സീമകളും ലംഘിച്ചിരിക്കുന്ന സങ്കടകരമായ സന്ദർഭമാണല്ലോ ഇത്. പതിറ്റാണ്ടുകൾ നീണ്ട ചർച്ചകൾക്കും പഠനത്തിനുംശേഷമാണ് 1999 ലെ സിനഡ്, ഏകീകൃതകുർബാനയർപ്പണരീതി അംഗീകരിച്ചത്. 2016 ൽ ചേർന്ന സീറോമലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി ഏകീകരണം ഒട്ടും വൈകരുത് എന്നു നിർദേശിച്ചു. 2020 ജൂലൈ 3 ന് ഇതു നടപ്പാക്കണമെന്നാവശ്യപ്പെട്ട് ഫ്രാൻസീസ് മാർപാപ്പാ സീറോ മലബാർ സഭയിലെ മെത്രാന്മാർ, വൈദികർ, സമർപ്പിതർ, അല്മായർ എന്നിവർക്കു കത്തെഴുതി. പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയത്തിന്റെ പ്രീഫെക്ട് കർദിനാൾ ലെയോനാർദോ സാന്ദ്രി, സീറോ മലബാർ സഭ മേജർ ആർച്ചുബിഷപ്പിനയച്ച കത്തിൽ, ഏകീകൃതകുർബാനയുടെ കാര്യത്തിൽ സിനഡിന്റെ ഭാഗത്തുനിന്നു സംയോജിതമായും മെത്രാന്മാരുടെ ഭാഗത്തുനിന്നു വ്യക്തിപരമായും നിർദേശങ്ങൾ ക്ഷണിച്ചു. സിനഡ് അന്തിമമായി എടുത്ത തീരുമാനം പഠനത്തിനും വിശകലനത്തിനുംശേഷം സഭയുടെ പരമാധികാരിയായ മാർപാപ്പാ അംഗീകരിച്ചു നടപ്പാക്കാൻ നിർദേശം നല്കുകയായിരുന്നു.

സാർവത്രികസഭയുടെയും പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പായുടെയും അംഗീകാരത്തോടെ സീറോ മലബാർ സഭയുടെ പരമോന്നതസമിതിയായ സിനഡ് അംഗീകരിച്ച നിയമപരവും സഭാംഗങ്ങൾക്കു ബാധകവുമായ ഏകീകൃതകുർബാന എല്ലാവരും അംഗീകരിച്ചേ മതിയാകൂ. തീരുമാനമാകുംവരെ വ്യത്യസ്തമായ അഭിപ്രായങ്ങൾ പറയുന്നതിൽ തെറ്റില്ല. സിനഡിന്റെ തീരുമാനം സമ്പൂർണമായി സഭയുടെ പ്രബോധനങ്ങൾക്ക് അനുസൃതമാണ്. നിയമങ്ങൾ, അതു കാനൻ നിയമമാകട്ടെ സിവിൽ നിയമമാകട്ടെ, ഒരാളുടെ ഇഷ്ടവും അനിഷ്ടവും നോക്കിയല്ല നിർമിക്കപ്പെടുന്നത്. യോജിപ്പുണ്ടെങ്കിലും വിയോജിപ്പുണ്ടെങ്കിലും എല്ലാവരും അനുസരിക്കാൻ ബാധ്യസ്ഥരാണ്. നിയമസഭയോ പാർലമെന്റോ ഒരു നിയമം നിർമിച്ചാൽ ഒരു ജില്ലയ്ക്ക്, ആ ജില്ലയെ നിയമത്തിൽനിന്ന് ഒഴിവാക്കണം എന്നു പറയാൻ പറ്റില്ലല്ലോ.

സഭയുടെ ആരാധനക്രമം എല്ലായിടത്തും ഒരുപോലെയായിരിക്കണമെന്നു പറയുന്ന കാനൻനിയമമുണ്ട്. ആരാധനക്രമം സഭയുടെ അടിസ്ഥാനഘടകമാണ്. നിയമപരമായി സാധുതയുള്ള ഒരു അതോറിറ്റി നിയമമുണ്ടാക്കുന്നു. അത് സഭയുടെ അടിസ്ഥാനപ്രബോധനങ്ങൾക്കു സമരസപ്പെട്ടുനില്ക്കുന്നു. അതിനു സാർവത്രികസഭയുടെയും പരിശുദ്ധപിതാവിന്റെയും അംഗീകാരം ലഭിക്കുന്നു. അതിനാൽത്തന്നെ സഭയുടെ എറണാകുളം ഒഴികെയുള്ള എല്ലാ രൂപതകളും അതു നടപ്പാക്കുകയും ചെയ്തു. മേജർ ആർച്ചുബിഷപ്പാകട്ടെ, സിനഡാകട്ടെ, വത്തിക്കാൻ പ്രതിനിധിയാകട്ടെ, മാർപാപ്പായാകട്ടെ, ആരുടെയും നിർദേശം അനുസരിക്കാൻ തങ്ങൾ ബാധ്യസ്ഥരല്ലെന്ന മട്ടിൽ പ്രവർത്തിക്കുന്നവർ ഗുരുതരമായ കുറ്റമാണു ചെയ്യുന്നത്.

**അച്ചടക്കവും അനുസരണവും**

പൊതുനിരത്തുകളിലും തെരുവുകളിലും പള്ളിപ്പരിസരത്തും അൾത്താരയിലുമൊക്കെ വൈദികർ ഉൾപ്പെടെയുള്ളവർ നടത്തിയ പ്രതിഷേധങ്ങൾ അച്ചടക്കത്തിന്റെയും അവഹേളനത്തിന്റെയും സകലസീമകളും ലംഘിച്ചിരിക്കുകയാണ്. സഭയ്ക്കുമാത്രമല്ല, സർക്കാരിനോ രാഷ്ട്രീയപ്പാർട്ടികൾക്കോ സംഘടനകൾക്കോ മറ്റു സ്ഥാപനങ്ങൾക്കോ ഇങ്ങനെ അച്ചടക്കമില്ലാതെ മുന്നോട്ടു പോകാനാവില്ല. രാഷ്ട്രീയപ്പാർട്ടികളിലാണ് ഇത്തരം പ്രതിഷേധങ്ങളെങ്കിൽ പ്രതിഷേധം കഴിയുംമുമ്പേ നടപടിയെടുത്തു പ്രതിഷേധക്കാരെ പുറത്താക്കിയിരിക്കും. തുടക്കത്തിൽത്തന്നെ സഭ പ്രതികരിക്കണമായിരുന്നു. സൂചികൊണ്ട് എടുക്കേണ്ടതു തൂമ്പകൊണ്ടുപോലും എടുക്കാൻ പറ്റാത്ത നിലയിലായി. എന്തും ചെയ്യാനുള്ള സ്വാതന്ത്ര്യം ലഭിച്ചപോലെ, കുർബാനയെപ്പോലും സമരായുധമാക്കി വെല്ലുവിളിക്കുകയാണവർ. അനുസരണം ബലിയെക്കാൾ ശ്രേഷ്ഠം എന്നു പഠിപ്പിച്ചവരാണ്, ചെറിയ വിയോജിപ്പിന്റെ പേരിൽ മാർപാപ്പായെപ്പോലും അനുസരിക്കാത്തത് എന്നോർക്കുമ്പോൾ ദുഃഖം തോന്നുന്നു.

2018 ജൂൺ 5 ന് എറണാകുളം മേജർ ആർച്ചു ബിഷപ്സ് ഹൗസിനുമുന്നിൽ സീറോമലബാർ സഭയുടെ തലവനും പിതാവുമായ കർദിനാളിന്റെ കോലം സഭാവിരുദ്ധസംഘടനയുടെപേരിൽ കത്തിച്ചു. പിന്നീട് അതിരൂപതയുടെ പാസ്റ്ററൽ സെന്ററായ കലൂർ റിന്യൂവൽ സെന്ററിൽ കർദിനാൾ ലെയോനോർദോ സാന്ദ്രിയുടെയും മറ്റും കോലം കത്തിച്ചു. ഏതു കല്പന/സർക്കുലർ സഭാധികാരികൾ പുറപ്പെടുവിച്ചാലും എറണാകുളം ബസിലിക്കയ്ക്കുമുന്നിൽ അല്മായരുടെ നേതൃത്വത്തിലുള്ള ഒരു സംഘമാളുകൾ കത്തിക്കുകയാണു പതിവ്. അവസാനമായി, പൊന്തിഫിക്കൽ ഡെലിഗേറ്റിന്റെ കല്പനയും കത്തിച്ചു. വൈദികരുടെ അറിവോടും അനുവാദത്തോടുംകൂടിയാണ് കത്തിക്കൽ സമരങ്ങൾ അരങ്ങേറുന്നതെന്ന് പകൽപോലെ വ്യക്തം. വൈദികർക്കു ചെയ്യാൻ പറ്റാത്തവയെല്ലാം പാവം അല്മായരെക്കൊണ്ടു ചെയ്യിക്കുകയാണെന്നു ചുരുക്കം.

ഓർമിക്കുക, തെരുവിൽ കത്തിച്ചത് സഭാതലവന്റെയോ പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയത്തിന്റെ പ്രീഫെക്ടായ കർദിനാളിന്റെയോ കോലമല്ല; മറിച്ച്, സഭയിലെ ശ്രേഷ്ഠാചാര്യത്വമാണ്. പൗരോഹിത്യം എന്ന വിശുദ്ധസങ്കല്പമാണ്; പിതൃഹത്യയാണിത്. ജീവിച്ചിരിക്കുന്നവരുടെ രൂപം തെരുവിൽ കത്തിച്ച് സായുജ്യമടയുന്ന അപരിഷ്കൃത രീതി സംസ്കാരശൂന്യതയാണ്. അതിൽനിന്നുണ്ടാകുന്ന ആനന്ദം പൈശാചികമാണ്.

സമവായം കണ്ടെത്താനും സമാധാനം നിലനിറുത്താനുമുള്ള സിനഡിന്റെയും വത്തിക്കാന്റെയും നീക്കങ്ങളെയെല്ലാം തെറ്റായ വ്യാഖ്യാനങ്ങളിലൂടെയും പിടിവാശികളിലൂടെയും ചിലർ പരാജയപ്പെടുത്തുകയാണ്. സീറോ മലബാർ സഭ മാത്രമല്ല, ആഗോളസഭയും അപമാനിക്കപ്പെടുകയാണ്. അരമനയിൽ കട്ടിൽ സമരം, സെന്റ് തോമസ് മൗണ്ട് വളയൽ, പിതാക്കന്മാരെ ബന്ദിയാക്കൽ, വഞ്ചിസ്ക്വയർ സമരങ്ങൾ, വ്യാജരേഖ, കോലം കത്തിക്കൽ എന്നിങ്ങനെ എല്ലാ സമരാഭാസങ്ങളും സഭയെ മുറിപ്പെടുത്തുന്നവയായിരുന്നു. ഒരു കാലത്ത് എല്ലാവർക്കും മാതൃകയായിരുന്ന എറണാകുളം-അങ്കമാലി അതിരൂപതയ്ക്ക് ഇങ്ങനെ ദുർഗതി വരുന്നതിൽ ഏവരും ദുഃഖിതരാണ്.

**കൈവയ്പുശുശ്രൂഷയെ തള്ളിപ്പറയരുത്**

കത്തോലിക്കാസഭയിൽ ഒരാൾ വൈദികനാകുന്ന തിരുപ്പട്ടശുശ്രൂഷയിൽ, ഏറ്റവും പ്രധാനം കൈ വയ്പുശുശ്രൂഷയാണ്. കാർമികനായ മെത്രാനു മുന്നിൽ നവവൈദികൻ മുട്ടുകുത്തിനില്ക്കുന്നതും നവവൈദികന്റെ ശിരസ്സിൽ കാർമികൻ കൈകൾ വച്ചു പ്രാർഥിക്കുന്നതുമാണു കൈവയ്പുശുശ്രൂഷ. ഇതിലൂടെയാണ് പൗരോഹിത്യജീവിതം ആരംഭിക്കുന്നത്. സഭാപ്രബോധനങ്ങളെയും മാർപാപ്പായുടെ കല്പനകളെയും ബിഷപ്പിന്റെ നിയമപരമായ തീരുമാനങ്ങളെയും അംഗീകരിച്ചുകൊള്ളാമെന്നു തിരുപ്പട്ടശുശ്രൂഷയിൽ നവവൈദികൻ വിശുദ്ധഗ്രന്ഥത്തിനു മുകളിൽ കൈകൾവച്ച്, സ്വതന്ത്രമനസ്സോടും തിരഞ്ഞെടുപ്പോടും കൂടി ദൈവത്തിനു മുന്നിലും സാർവത്രികസഭയ്ക്കുമുന്നിലും പ്രതിജ്ഞ ചെയ്യുന്നുണ്ട്. സിനഡിന്റെ തീരുമാനത്തെ തിരസ്കരിക്കുമ്പോഴും മാർപാപ്പായുടെ പ്രതിനിധിയുടെ കല്പന പരസ്യമായി ലംഘിക്കുമ്പോഴും ഗുരുതരമായ തെറ്റു ചെയ്യുകയും പ്രതിജ്ഞാലംഘനം നടത്തുകയുമാണ് വൈദികർ ചെയ്യുന്നത്. സിനഡ് ഫോർമുലപ്രകാരമുള്ള വിശുദ്ധ കുർബാനയർപ്പണരീതി നടപ്പാക്കാൻ മാർപാപ്പായാണ് പൊന്തിഫിക്കൽ ഡെലിഗേറ്റിനെ ചുമതലപ്പെടുത്തിയത്. പൊന്തിഫിക്കൽ ഡെലിഗേറ്റിന്റെ കല്പന അനുസരിക്കാതിരിക്കുന്നത് കാനോനികനടപടികൾക്കിടവരുത്തും. സഭാകൂട്ടായ്മയ്ക്ക് ഒപ്പം നിന്ന്, മാർപാപ്പായെ അനുസരിച്ച് അല്മായരുടെ ബഹുമാനവും ആദരവും നേടി മാതൃകാവ്യക്തിത്വങ്ങളാകണമെന്നാണു വിനീതമായ അപേക്ഷ.

**മാർപാപ്പായെ അനുസരിക്കണം**

മാർപാപ്പായെ അനുസരിക്കുക എന്നത് ഏതൊരു കത്തോലിക്കാവിശ്വാസിയുടെയും പരമപ്രധാനമായ ഉത്തരവാദിത്വമാണ്. പരിശുദ്ധ പിതാവിനെയും കത്തോലിക്കാസഭയെയും പിന്തുടരാൻ ആഗ്രഹിക്കുന്നവരെല്ലാം മാർപാപ്പായെ അനുസരിച്ചേ മതിയാകൂ. അനുസരണം കൂടാതെ ഒരു പ്രസ്ഥാനത്തിനോ സഭയ്ക്കോ മുന്നോട്ടു പോകാനാവില്ല.

തുടർച്ചയായ, ഒട്ടും ക്രൈസ്തവമികമല്ലാത്ത പ്രതിഷേധങ്ങളും തിരസ്കരണങ്ങളും സഭയ്ക്കു വലിയ ദോഷം ഉണ്ടാക്കിയിട്ടുണ്ട്. നമ്മെ നിരീക്ഷിക്കുന്നവരുടെ മുന്നിൽ അപമാനഭാരംകൊണ്ടു തലകുനിച്ചു നിൽക്കേണ്ടിവരുന്നു. ദൈവത്തിനു നിരക്കാത്ത അനുസരണക്കേടിന്റെ ഫലം വലിയ ആത്മീയ നാശം സൃഷ്ടിക്കും.

മാർപാപ്പായുടെ പ്രതിനിധിയുടെ കല്പന അനുസരിക്കാൻ സഭാമക്കൾക്ക് ബാധ്യതയുണ്ട്. എന്നും സഭയോടൊപ്പം നിൽക്കാനും ഏതു കാര്യത്തിലും ദൈവഹിതം ആരായാനുമാണ് അധികാരികൾ ചെറുപ്പംമുതലേ പഠിപ്പിച്ചിട്ടുള്ളത്. എന്റെ ഇഷ്ടങ്ങളെക്കാൾ, താത്പര്യങ്ങളെക്കാൾ ദൈവഹിതം നിറവേറട്ടെ എന്നാണു പ്രാർഥനയും. പ്രാദേശികവിഭാഗീയതയെക്കാൾ സഭയ്ക്കൊപ്പം നിൽക്കാനാണ് എന്നും പറഞ്ഞു പഠിപ്പിച്ചത്. സഭാകൂട്ടായ്മയ്ക്കൊപ്പം ചരിക്കുകയും മാർപാപ്പായെ അനുസരിക്കുകയും ചെയ്യുമ്പോഴാണ് നമ്മൾ സഭാമക്കളാകുക. ആ തിരിച്ചറിവിലേക്ക് പരിശുദ്ധാത്മാവ് നമ്മെ നയിക്കട്ടെ.

*(ലേഖകൻ എറണാകുളം-അങ്കമാലി പാസ്റ്ററൽ കൗൺസിൽ മുൻ സെക്രട്ടറിയും, കെ.സി.എസ്.എൽ., സി.എൽ.സി. മുൻ സംസ്ഥാന പ്രസിഡന്റും, മദ്യവിരുദ്ധസമിതി സംസ്ഥാന വക്താവുമാണ്.)*

**നേരോടെ നിർഭയം**

---

**ജോർജുകുട്ടി താവളം**

## മാവേലി വന്നിടും നാൾ



നിദ്രയിൽനിന്നുമുണർന്ന സൂര്യൻ
അദ്രിക്കുമേലേ വന്നെത്തിനോക്കി
കാർമുകിൽ മാനത്തുനിന്നു മെല്ലെ
നീർമണി മുത്തുകളായ്പ്പൊഴിഞ്ഞു.

അന്ധകാരം വിട്ടകന്നു ഭൂവിൽ
ബന്ധുരശോഭ നിറഞ്ഞൊഴുകി
കൊഞ്ചലോടർക്കനെ നോക്കിനിന്നു
പുഞ്ചിരിതൂകി സുമങ്ങളെല്ലാം.

പൂക്കളത്തിന്നുടെ ഭാഗമാകാൻ
നോക്കിയിരിക്കും സൂനങ്ങളുമായ്
ആരാമമൊക്കെയും കാടുകളും
ചാരുസ്വപ്നങ്ങളിൽ മുങ്ങിനിന്നു.

മന്നവൻ മാവേലി വന്നിടും നാൾ
മുന്നിൽക്കണ്ടോരോ ദിനങ്ങളെണ്ണി
നല്ലോണനാളിനായ്ക്കാത്തിരിപ്പൂ
എല്ലാമൊരുക്കിയീ നാടു മോദാൽ.

## കഴിഞ്ഞുപോയ നല്ലകാലം

മാവേലിമന്നവൻ വാണകാലം
മാനുഷരെല്ലാർക്കും നല്ലകാലം
മാനസാരാമത്തിൽ നല്ല പൂക്കൾ
മാത്രം നിറഞ്ഞവരുള്ള കാലം

നാടിന്നു നന്മയുണ്ടാകുവാനായ്
നേരിന്നു മൂല്യം കൊടുത്ത കാലം
നോവും മനങ്ങൾക്കു സാന്ത്വനമാം
നല്ലവരേറും പ്രതാപകാലം.

അക്കാലമെന്നോ കഴിഞ്ഞുപോയി
അർഥസമ്പാദനം ലക്ഷ്യമായി
അക്രമം കാട്ടിയും സ്വത്തുകൂട്ടാൻ
അന്യരെക്കൊല്ലുന്ന കാലമായി.

മദ്യം, മയക്കുമരുന്നുമെല്ലാം
മാറ്റിമറിച്ചിടും ചിന്തകളാൽ
മർത്ത്യപ്പിശാചുക്കളേറിടുന്നു
മന്നിൽ നരകമുണ്ടാക്കിടുന്നു.

കാണേണ്ടവർക്കൊന്നും നേരമില്ല
കണ്ണടച്ചിട്ടിരുളാക്കിടുന്നു
കാരിരുമ്പാൽ മനം തീർത്തവർക്കീ
കാര്യത്തിൽ താത്പര്യമില്ല തെല്ലും.



ഓണാശംസകൾ

## പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

പാലാ രൂപതയുടെ സാമൂഹ്യക്ഷേമവികസന വിഭാഗം



**അഗ്രിമ**

- കർഷക സേവനകേന്ദ്രം
- നാടൻ പച്ചക്കറി മാർക്കറ്റ്
- കാർഷിക നഴ്സറി
- ഇക്കോഷോപ്പ്

സെന്റ് തോമസ് പ്രസിനു സമീപം, പാലാ

Ph: 9074556724 Email:dssspalai@gmail.com, Web:www.psws.org

● മേൽത്തരം ഹൈബ്രീഡ് പച്ചക്കറിത്തൈകൾ ● വിത്തുകൾ ● ഫലവൃക്ഷത്തൈകൾ ● തെങ്ങിൻതൈകൾ ● പൂച്ചെടികൾ ● പൂച്ചട്ടികൾ വളങ്ങൾ ● ഹൈടെക് കോഴിക്കൂടുകൾ ● കാടക്കൂടുകൾ ● തേനീച്ച പെട്ടികൾ ● മുട്ടക്കോഴിക്കുഞ്ഞുങ്ങൾ ● കാടക്കുഞ്ഞുങ്ങൾ ● മത്സ്യക്കുഞ്ഞുങ്ങൾ ● കോഴി – കാട – മത്സ്യത്തീറ്റകൾ ● കാർഷികമൂല്യ വർദ്ധിതഉത്പന്നങ്ങൾ ● വെളിച്ചെണ്ണ ● അരിപ്പൊടി ● പുട്ടുപൊടി ● കറിപൗഡറുകൾ ● സോപ്പുകൾ ● ലോഷനുകൾ ● പലവ്യഞ്ജനങ്ങൾ ● ജൈവപച്ചക്കറികൾ etc...



പ്രായമായവർക്കും വൈകല്യമുള്ളവർക്കും പരിചരണവും ആശ്വാസവുമായി

## ചൈതന്യ കെയർ ഹോം



CHAITHANYA TRUST HOSPITAL COMPLEX
KOZHA P.O., KURAVILANGAD
PH: 04822-23 11 33, MOB: 9656511333, 9745300576
E-mail: cthospital109@gmail.com

**ഞങ്ങളുടെ സേവനങ്ങൾ**



- 24 മണിക്കൂറും മികച്ച നിലവാരമുള്ള നേഴ്സിംഗ് പരിചരണം
- ഫിസിയോ തെറാപ്പിക്കുള്ള സൗകര്യം.
- Suction, ഓക്സിജൻ, ബ്ലഡ് ടെസ്റ്റ്, ഇൻജക്ഷൻ തുടങ്ങിയ എല്ലാവിധ നേഴ്സിംഗ് സേവനങ്ങളും







- ഡോക്ടറുടെ സേവനം 24 മണിക്കൂറും ആവശ്യാനുസരണം.
- ആംബുലൻസ് സൗകര്യം
- എ.സി. & നോൺ എ.സി. മുറികൾ
- മാനസികോല്ലാസം നൽകുന്ന പ്രോഗ്രാമുകൾ
- രുചികരവും ആരോഗ്യപ്രദവുമായ ഭക്ഷണം.
- ആവശ്യാനുസരണം ആശുപത്രിസേവനം.
- ഓരോ രോഗിയുടെയും അവസ്ഥയ്ക്കനുസരിച്ചു കൃത്യമായ ഇടവേളകളിലുള്ള പ്രത്യേക നിരീക്ഷണവും ചികിത്സകളും.

–മാനേജർ



## 2023 - 2024 ADMISSION STARTED



**PARAMEDICAL COURSES**

**DEGREE COURSES**

1. B.Sc. Medical Laboratory Technology
2. B.Sc. Radio Imaging Technology
3. B.Sc. Dialysis Technology
4. B.Sc. Cardiovascular Technology
5. B.Sc. Operation Theatre and Anaesthesia Techonology
6. B.Sc. Occupational Therapy
7. B.Sc. Radio Therapy
8. B.Sc. Optometry
9. B.Sc. Neuro Technology
10. B.Sc. Forensic

Minimum Qualification +2 passed

**PG COURSES**

1. M.Sc. MLT
2. M.Sc. MLT (Biochemistry/Microbiology)
3. M.Sc. RIT
4. M.Sc. Dialysis Technology

**DIPLOMA COURSES**

1. DMLT
2. DRIT
3. D.Anaesthesia
4. D. OTT
5. DCVT
6. D.Dialysis

Minimum Qualification SSLC passed / +2 Failed

**51 YEARS OF EXCELLENCE IN PARAMEDICAL TRAINING**

യു. ജി. സി. അംഗീകൃത യൂണിവേഴ്സിറ്റിയുടെ 3 വർഷ പാരാമെഡിക്കൽ ഡിഗ്രി കോഴ്സുകളിലേക്ക് ഏതാനും സീറ്റുകൾകൂടി ലഭ്യമാണ്. പ്രമുഖ സൂപ്പർസ്പെഷ്യാലിറ്റി ആശുപത്രികളിൽ ഓരോ വർഷവും 2 മാസം വീതം പ്രാക്ടിക്കൽ സൗകര്യം ലഭ്യമാണ്. സംവത്സരങ്ങളുടെ പ്രവർത്തനപാരമ്പര്യമുള്ള, കേരളത്തിൽ ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്ന, കേരളത്തിൽനിന്ന് ഏറ്റവും കൂടുതൽ കുട്ടികൾക്കു വിദേശജോലി നേടിക്കൊടുത്ത സ്ഥാപനം. താത്പര്യമുള്ളവർ ഉടൻ നേരിൽ ബന്ധപ്പെടുക. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഹോസ്റ്റൽ സൗകര്യം.

BHARAT GROUP OF INSTITUTIONS Since 1970

## BHARAT

EDUCATIONAL TRUST & COLLEGE OF ALLIED HEALTH SCIENCE, PALA
ANDOOR (PALA - VAIKOM ROUTE), MARANGATTUPILLY, KOTTAYAM Dt
Phone: 04822-214234, 8921712807, 9447507858, 9446900866

Deepanalam Weekly
RNI No : 16998/68
Vol. 56 No. 26 Date of Publication 24 August 2023
Annual Subscription Rate ₹ 400 (For Abroad ₹ 4500)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment







Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org